# കേൾവിയുടെ ലോകം

16 സെപ്റ്റംബർ 2019
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

# യുറീക്ക


ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില: ₹17.00






# പറക്കും തവളയുടെ പറപറക്കൽ



**എസ് രാജരാജൻ**

ചിത്രീകരണം: രഘുനാഥ് കൊഴക്കല്ലൂർ

**ചിറകുണ്ടെങ്കിലും പക്ഷിയെ ആരെങ്കിലും പറക്കും പക്ഷിയെന്ന് വിളിക്കുമോ? എന്നാൽ... ചിറകില്ലാത്ത ചിലരെ പറക്കുന്ന വരെന്ന് വിളിക്കുന്നതായി നിങ്ങൾ കേട്ടിട്ടുണ്ടോ? അതിലൊരാളാണ് 'പറക്കും തവള'!**



**ഈ പറക്കും തവളയ്ക്കോ... ഒറ്റച്ചിറകുമില്ല!! അപ്പോഴെങ്ങനെയാ പറക്കൽ? അതാണ് രസം.**



**ശരീരത്തേയും കൈകളേയും ബന്ധിപ്പിക്കുന്ന ചിറകുപോലെയുള്ള തൊലിയാണിവയ്ക്ക്. ഇത് ഉപയോഗിച്ച് തവള വായുവിലൂടെ തെന്നിനീങ്ങും. അതായത്, ഒരു തരം ചാട്ടം തന്നെ. ഇങ്ങനെ 15 മീറ്റർ ദൂരം വരെ എത്താനാവും.**

## എന്നിട്ടോ?

**എന്നിട്ടവ മരങ്ങളിലും മറ്റും പറ്റിപ്പിടിച്ച് നിൽക്കും. അതെങ്ങനെ? വിരലിന്റെ അറ്റം വികസിപ്പിച്ച് പരന്നതാക്കാൻ ഇവയ്ക്കാവും. വിരലറ്റത്ത് പശപോലുള്ള ദ്രാവകവും ഉണ്ടാവും. അങ്ങിനെയിവ പറ്റിപ്പിടിച്ചുനിൽക്കുന്നു. കുറച്ചു നിന്നശേഷം വീണ്ടും തെന്നി നീങ്ങും. ഇതാണ് ട്ടോ, പറക്കും തവളയുടെ പറക്കൽ...**

## 'പറപറക്കൽ!'



2019
സെപ്റ്റംബർ 16
വാല്യം: 41
ലക്കം: 8

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക
1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly

ഓൺലൈനിൽ
വായിക്കാൻ
www.magzter.com
www.readwhere.com

അറിവ് ആഹ്ലാദമാക്കിയ അമ്പത് വർഷങ്ങൾ

കത്തുകളും രചനകളും അയയ്ക്കേണ്ട വിലാസം:
എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekaksspmail@gmail.com

## ലേഖനങ്ങൾ

6. ചേർത്തുപിടിക്കാം നമുക്കവരെ : ഡോ.ശബ്ന.എസ്

12. മരിച്ചവരെ ജീവിപ്പിക്കുന്ന രസായനം : ബി.സി.ഖാദർ

## കുറിപ്പ്

24. പ്രളയനാളുകളിലെ കുഞ്ഞുമാതൃകകൾ

## മത്സരം

20. പറക്കുന്ന കൂട്ടുകാർ : രാധാകൃഷ്ണൻ ആലുവീട്ടിൽ

42. ഫ്രീഡം ക്വിസ് ഉത്തരങ്ങൾ :

## കഥ

10. ഒരു ജാതി മനുഷ്യന്മാര്! : പ്രസാദ് കൈതക്കൽ

## ചിത്രകഥ

7. ഊഞ്ഞാലാട്ടം : ഹരീഷ് ആർ നമ്പൂതിരിപ്പാട്

34. നല്ല കുട്ടികൾ : സൈജ എസ്

## കവിത


16. മഴ : പ്രേമജാ ഹരീന്ദ്രൻ

## ഓർമ – യുറീക്ക @ 50

29. തലമുടി തലപൊക്കുന്നു : എസ്. എസ്



ചിത്രീകരണം : കെ പി മുരളീധരൻ



**നോവൽ**


37. അമ്മമണമുള്ള കനിവുകൾ : ഇ എൻ ഷീജ


**പംക്തികൾ**


2. അറിയാം പഠിക്കാം
9. വരേം കുറീം
17. പദപ്രശ്നം
18. തട്ടീം മുട്ടീം
22. കാഴ്ചപ്പുറം
26. ഞാറ്റടി
32. പീക്കിരി.ഇൻ
40. യു–മെയിൽ
43. മണിമുത്തുകൾ


**കവർ**

സചീന്ദ്രൻ കാറഡുക്ക


വാർഷിക വരിസംഖ്യ : 300 രു.
ഒറ്റപ്രതി : 17 രു.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട്–673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.



**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ), എം ദിവാകരൻ (മാനേജിങ് എഡിറ്റർ), അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ് ), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ–ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


# മുഖക്കുറി

തോമസ് ആൽവാ എഡിസൺ, ബീഥോവൻ, ഹെലൻ കെല്ലർ, ഇവർക്ക് മൂന്നുപേർക്കും പൊതുവായതെന്താണ് എന്നാണ് എന്റെ ചോദ്യം. ആരാണത്തരം പറയുക? ആദ്യം ഉത്തരം പറയുന്നവർക്ക് ഇതാ ഒരു സമ്മാനം...

ഇതെന്താ യുറീക്കാമാമൻ പുതിയ ക്വിസ് പരിപാടിയുമായി വന്നതാണോ എന്നായിരിക്കും വിചാരിക്കുന്നത്. നിരവധി കണ്ടുപിടുത്തങ്ങൾ കൊണ്ട് ലോകപ്രശസ്തനായ ശാസ്ത്രജ്ഞനാണ് എഡിസൺ. ലോകപ്രശസ്ത സംഗീതജ്ഞനാണ് ബീഥോവൻ. ഹെലൻ കെല്ലറാവട്ടെ സാഹിത്യകാരി, സാമൂഹ്യപ്രവർത്തക, അധ്യാപിക എന്നീ നിലകളിലെല്ലാം പ്രശസ്തയായ വ്യക്തി. ഇവർക്ക് പൊതുവായുള്ള കാര്യമെന്ത്?

ഈ മാമനിതെന്തു പറ്റി?

മാമനൊന്നും പറ്റിയില്ല. തൽക്കാലം മാമൻ തന്നെ ഉത്തരം പറയാം. സമ്മാനവും മാമനെടുത്തോട്ടെ!

ഇവർ മൂന്ന് പേരും ബാധിര്യം ബാധിച്ചവരായിരുന്നു.

ഏ.. ബാധിര്യമോ.. കടിച്ചാൽ പൊട്ടാത്ത വാക്കുകൾ പറയല്ലേ മാമാ.. എന്നാവും.

ബാധിര്യം എന്നുവച്ചാൽ, ബധിരത എന്നർത്ഥം. എന്നുവച്ചാൽ ചെവി കേൾക്കാൻ കഴിയാത്തവർ... ഹെലന് സംസാരിക്കാനും കഴിയുമായിരുന്നില്ല!

ആരൊക്കെയാണ് അത്ഭുതം കൊണ്ട് ഊശ്ശ്ശ്... എന്ന് ശബ്ദമുണ്ടാക്കിയത്.

ഇവരാരും തങ്ങൾക്ക് ചെവി കേൾക്കില്ല എന്ന് പറഞ്ഞ് മൂലയിലിരുന്നില്ല. ഒന്നിൽ നിന്നും പുറകോട്ട് പോയില്ല. അവരെ ആരും മൂലയിലാക്കിയുമില്ല. തനിക്ക് കേൾക്കാൻ കഴിയാത്ത സംഗീതത്തിന്റെ മാധുര്യം ജനലക്ഷങ്ങളിലേക്ക് ബീഥോവൻ പകർന്നു. പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ നടത്തി എഡിസൺ ശാസ്ത്രചരിത്രത്തിൽ വലിയ ഇടം നേടി.

ഇതൊക്കെ എന്താ ഇപ്പോ പറയാൻ

# കേൾവിയുടെ ലോകം

കാര്യമെന്നല്ലേ. ഈ മാസം ഒടുവിൽ വരുന്ന ഒരു ദിനാചരണമുണ്ട്. അന്താരാഷ്ട്ര ബധിര ദിനം. എല്ലാ വർഷവും സെപ്റ്റംബർ മാസത്തെ അവസാന ഞായറാഴ്ചയാണ് ബധിരദിനമായി ആചരിക്കുന്നത്. എന്തിനാണ് ഇങ്ങനെ ഒരു ദിനാചരണം? കേൾവിശക്തി ഇല്ലാത്ത ആളുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും ചർച്ച ചെയ്യാനും. ബധിരത ബാധിച്ചവരെ ഉത്സാഹിപ്പിക്കാൻ, ബധിരതയെ



ചെറുത്തുതോൽപ്പിച്ചവരുടെ ആവേശകരമായ കഥകൾ പ്രചരിപ്പിക്കാൻ, സർവോപരി അവർക്കുവേണ്ട സാമൂഹ്യ പിന്തുണ ഉറപ്പുവരുത്താൻ.

ചിലർ ജന്മനാ കേൾവിശക്തിയില്ലാത്തവരാണ്. ചിലരാകട്ടെ എന്തെങ്കിലും അസുഖങ്ങൾ വന്ന് കേൾവി നഷ്ടപ്പെട്ടവരും. അമിതമായ ശബ്ദങ്ങൾ തുടർച്ചയായി കേൾക്കേണ്ടി വരുന്നവർക്കും കേൾവിശക്തി നഷ്ടപ്പെടും.

കേൾവിയില്ലാത്തവരുടെ പ്രശ്നങ്ങൾ നിങ്ങളൊന്നാലോചിച്ച് നോക്കൂ. ഒരുദിവസം നമുക്ക് കേൾവിശക്തി നഷ്ടപ്പെട്ടെന്ന് സങ്കൽപ്പിച്ചാൽ മാത്രം മതി. അച്ഛനുമമ്മയും ബന്ധുക്കളും കൂട്ടുകാരും പറയുന്നതൊന്നും നമ്മൾ കേൾക്കില്ല. ക്ലാസ്സിൽ അധ്യാപകർ പറയുന്നതൊന്നും കേൾക്കില്ല. പാട്ടുകൾ കേൾക്കില്ല... റോഡിലിറങ്ങിയാൽ വാഹനങ്ങളുടെ ശബ്ദം കേൾക്കില്ല... പ്രകൃതിയിലെ ശബ്ദങ്ങൾ കേൾക്കില്ല... ഹോ എന്തൊരു ജീവിതമായിരിക്കും അത്!

കേൾവിയില്ലാത്തവരോട് നമ്മളെങ്ങനെയൊക്കെയാണ് പെരുമാറാറുള്ളത് എന്നുകൂടി ആലോചിച്ചുനോക്കൂ. അവർക്ക് വേണ്ട സഹായങ്ങൾ നാം ചെയ്തുകൊടുക്കാറുണ്ടോ? അവരെ പരിഗണിക്കാറുണ്ടോ? എഡിസണും ബീഥോവനും ഹെലനും അതുപോലെയുള്ള അനേകരും ശാരീരികമായ പോരായ്മകൾ മാറ്റിവച്ച് ജീവിതത്തിൽ പൊരുതിക്കയറിയ കാര്യങ്ങൾ പകർന്ന് ആത്മവിശ്വാസം നൽകാറുണ്ടോ? അതോ കളിയാക്കുകയാണോ ചെയ്യുക? ഇത് കേൾവിയുടെ കാര്യം മാത്രമാക്കണ്ട. വിവിധ തരത്തിൽ പ്രത്യേക പ്രശ്നങ്ങൾ അനുഭവിക്കുന്ന ആളുകളെ പരിഗണിക്കാനും അവരെ സഹായിക്കാനും നമുക്ക് കഴിയുന്നുണ്ടോ? വ്യക്തികൾ എന്ന നിലയിലും സമൂഹം എന്ന നിലയിലും ഒരുപാട് കാര്യങ്ങൾ അത്തരക്കാർക്കുവേണ്ടി ചെയ്യേണ്ടതില്ലേ. സമയമെടുത്ത് ആലോചിക്കൂ.. നിങ്ങൾക്കു തോന്നുന്ന കാര്യങ്ങൾ യുറീക്കയ്ക്ക് എഴുതൂ..

**യുറീക്കാമാമൻ**

---

സ്കാൻ ചെയ്ത് നോക്കൂ

എഡിസൺ

ബിഥോവന്റെ സംഗീതം

ഹെലൻ

ഡോ : ശബ്ന . എസ്

ചിത്രീകരണം: ടിൻടു

# ചേർത്തുപിടിക്കാം നമുക്കവരെ...

ചെറിയ കാലുകളുള്ള, ഉയരം കുറഞ്ഞ ഒരു കൂട്ടുകാരനുണ്ടായിരുന്നു സ്കൂളിൽ. ഉയരക്കുറവും കാലിന്റെ ആകൃതിയിലുള്ള പ്രത്യേകതകളും കാരണം അവന് ബസ്സിലൊന്നും ഒറ്റയ്ക്ക് കയറാൻ സാധിക്കില്ലായിരുന്നു. എന്നും സ്കൂളിലേക്ക് വരുമ്പോഴും വൈകിട്ട് തിരിച്ചു പോകുമ്പോഴും കൂട്ടുകാരാരെങ്കിലും എടുത്ത് പൊക്കി ബസ്സിൽ കയറാൻ സഹായിക്കും. സ്കൂളിൽ, രണ്ടാം നിലയിൽ ഉള്ള കമ്പ്യൂട്ടർ ലാബിൽ സ്റ്റെപ്പ് കയറി എത്തിപ്പെടണമെങ്കിലും അവന് ആരുടെയെങ്കിലും സഹായം വേണം.

ഓരോ ദിവസവും ഓരോ ചെറിയ കാര്യത്തിനും മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരുന്നതാണ് ഏറ്റവും വിഷമമുള്ള കാര്യം എന്ന് അവൻ ഇടയ്ക്കിടെ പറയുമായിരുന്നു. സ്കൂൾ ഒക്കെ വിട്ടതിനു ശേഷം, 'ബാംഗ്ളൂർ ഡേയ്സ്' സിനിമ കണ്ടപ്പോഴാണ് വീണ്ടും ആ കൂട്ടുകാരനെക്കുറിച്ചു ഓർക്കുന്നത്. അതിൽ പാർവതി അവതരിപ്പിച്ച സെറ എന്ന



# ഊഞ്ഞാലാട്ടം

ഹരീഷ് ആർ നമ്പൂതിരിപ്പാട്



ചിത്രീകരണം: ടിന്റു

മുറ്റത്തെ മാവിന്റെ ചില്ലയിൻമേൽ
കൊച്ചുകളിയൂഞ്ഞാലൊന്നുകെട്ടി
ആയത്തിലാടിയിട്ടാമരത്തിൻ
ചേലൊത്ത ചില്ല തൊടുകവേണം.

ഊഴമിട്ടൂഴമിട്ടൂയലാടി
മാവിന്റെ കൊമ്പുകുലുക്കിടേണം.
ആരുണ്ട്? മാവിന്റെ കൊമ്പിലേറി
ഊഞ്ഞാലുകെട്ടിത്തരുവാനിപ്പോൾ

കഥാപാത്രത്തെ ഓർക്കുന്നുണ്ടോ? സെറയ്ക്ക് ഉള്ളതുപോലെ, ഇലക്ട്രിക്ക് വീൽ ചെയറും, ലോ ഫ്ലോർ ബസ്സുകളും ബസ്സിലേക്ക് കയറാനുള്ള റാമ്പും, രണ്ടാം നിലയിലേക്ക് ലിഫ്റ്റും ഒക്കെ ഉണ്ടായിരുന്നെങ്കിൽ ആ കൂട്ടുകാരനും ആരെയും ആശ്രയിക്കാതെ കൂടുതൽ സന്തോഷത്തോടെ ജീവിക്കാൻ സാധിക്കുമായിരുന്നു എന്നു തോന്നിയിട്ടുണ്ട്.

'ഭിന്നശേഷി' എന്ന വാക്ക് കൂട്ടുകാർ കേട്ടിട്ടുണ്ടാകും. ശാരീരികമോ, മാനസികമോ, ബുദ്ധിപരമോ ആയ ഘടനയിലോ, പ്രവർത്തനങ്ങളിലോ, വളർച്ചയിലോ ഉള്ള വ്യത്യാസങ്ങൾ ചിലപ്പോഴൊക്കെ നമ്മുടെ പൊതുഘടനയ്ക്ക് ചേരാതെ വരുമ്പോഴാണ് നമ്മളവരെ ഭിന്നശേഷിക്കാർ എന്നു വിളിക്കുന്നത്. ഒരു ലളിതമായ കാര്യം പറയാം.

ഒരു പൊതുസ്ഥാപനം ധാരാളം പടിക്കെട്ടുകൾ കയറി എത്തുന്ന ഒരു കെട്ടിടത്തിന്റെ മുകൾ നിലയിൽ സ്ഥാപിക്കുന്നത്, പൊതുജനത്തിന് സ്റ്റെപ്പ് കയറി മുകളിൽ എത്താൻ പറ്റും എന്നു ചിന്തിക്കുന്നതു കൊണ്ടാണ്. ഇങ്ങനെ ചെയ്യുമ്പോൾ, ഇവിടെയുള്ള കാലില്ലാത്തവരെ, കാലിനു നീളക്കുറവുള്ളവരെ, മറ്റു പല ശാരീരിക കാരണങ്ങളാൽ സ്റ്റെപ്പുകൾ കയറാൻ പറ്റാത്തവരെയൊക്കെ അറിഞ്ഞോ അറിയാതെയോ നമ്മൾ പൊതുജനത്തിന്റെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നു. അതുകൊണ്ട് തന്നെ ഇത്തരം ഭിന്നതകളെ വൈകല്യമാക്കി മാറ്റുന്നതിൽ നമ്മുടെ സമൂഹത്തിനും പങ്കുണ്ട്.

ഭിന്നശേഷിയുടെ കാരണങ്ങൾ പരിശോധിക്കുകയാണെങ്കിൽ പലതുണ്ട്. ജന്മനാ ഉള്ളത്, വളർച്ചയുടെ ഘട്ടങ്ങളിൽ ഉണ്ടാകുന്നത് എന്നിങ്ങനെ പൊതുവിൽ രണ്ടായി പറയാം. ഇത് കൂടാതെ,

- ശാരീരികമായ ഭിന്നശേഷി, അതായത് എല്ലുകളുടെയോ പേശികളുടെയോ ഘടനയിലും വളർച്ചയിലുമുള്ള വ്യതിയാനങ്ങൾ, ഉയരം, വണ്ണം എന്നിവയിലുള്ള വ്യതിയാനങ്ങൾ
- കാഴ്ച, കേൾവി, മണം, രുചി എന്നിവയുമായി ബന്ധപ്പെട്ട വ്യതിയാനങ്ങൾ, ഉദാ: കാഴ്ചക്കുറവ്, കാഴ്ചയില്ലാതിരിക്കുക, ബധിരത
- ബുദ്ധിപരമായ സവിശേഷതകൾ, വ്യത്യാസങ്ങൾ
- ആശയവിനിമയം, സംവേദനം, ഓർമ എന്നിവയിലുള്ള ഏറ്റക്കുറച്ചിലുകൾ. ഉദാ: നന്നായി കാര്യങ്ങൾ ഓർത്തുവയ്ക്കാൻ കഴിവുള്ള കുട്ടിക്ക് എഴുതാനും അക്ഷരങ്ങൾ മനസ്സിലാക്കാനുമുള്ള പ്രയാസം
- വളർച്ചയുടെ ഓരോ ഘട്ടങ്ങളിലുമുള്ള വ്യത്യാസങ്ങൾ
- അസുഖങ്ങൾ മൂലമുള്ള പരിമിതികൾ, ആരോഗ്യപ്രശ്നങ്ങൾ
- അപകടങ്ങൾ വഴിയുണ്ടായ പരിമിതികൾ എന്നിങ്ങനെ ആ ലിസ്റ്റ് നീളുന്നു.

ഇതിൽ പ്രാധാന്യമുള്ള ഒരു വിഷയമാണ് ബധിരത. എല്ലാ വർഷവും സെപ്റ്റംബർ മാസത്തിലെ അവസാനത്തെ ഞായറാഴ്ചയാണ് ലോക ബധിരതാ ദിനം. ബധിരത ഒരു വ്യക്തിയിലുണ്ടാക്കുന്ന പ്രശ്നങ്ങൾ, ബധിരതയെ എങ്ങനെ മറികടക്കാൻ സാധിക്കും എന്നൊക്കെയുള്ള കാര്യങ്ങളിൽ ഗൗരവപൂർവമുള്ള ചർച്ചകളും പ്രവർത്തനങ്ങളും തുടരേണ്ടതുണ്ട് എന്നാണ് ഈ ദിനം നമ്മളെ ഓർമിപ്പിക്കുന്നത്.

ഒരു വ്യക്തിയെ അവന്റെ /അവളുടെ ചുറ്റുപാടുകളുമായി ബന്ധിപ്പിച്ചു നിർത്തുന്നതിൽ കേൾവിക്ക് പ്രധാന പങ്കുണ്ട്. അതുകൊണ്ടു തന്നെ കുട്ടികളിലെ ശ്രവണ വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടുപിടിക്കണം. ശ്രവണ സഹായികൾ, കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറികൾ എന്നിങ്ങനെ ബധിരതയിൽ നിന്നും പുറത്ത് കടക്കാനുള്ള വഴികൾ പലതുണ്ട്. ഇത്തരം പദ്ധതികൾ പലതും സൗജന്യമായി ലഭിക്കുന്നുമുണ്ട്.

ബധിരതയുടെ കാര്യത്തിൽ മാത്രമല്ല, കണ്ണടകൾ, മരുന്നുകൾ, പരിശോധനകൾ, വീൽ ചെയർ എന്നിങ്ങനെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിന് വേണ്ടിയുള്ള പല പ്ര

## കാഴ്ചപ്പുറം വിജയികൾ

**2019 ജൂൺ 1**

**ഹോക്കി കളിക്കാരുടെ എണ്ണം 11**

നറുക്കെടുപ്പിലൂടെ സമ്മാനം നേടിയത്:

**അഞ്ജന എം.എസ്,** മുറായിൽ വീട്, അക്കിക്കാവ് പി.ഒ., പെരുമ്പിലാവ്.

**2019 ജൂൺ 16**

*വേണോ വേണ്ടേ? സംവാദം*

*സമ്മാനാർഹമായ രചന*

പുതിയ വീടുവയ്ക്കുമ്പോൾ മഴവെള്ള സംഭരണി നിർബന്ധമാക്കണം എന്നാണ് എന്റെ അഭിപ്രായം. അറിഞ്ഞില്ലേ, ഞങ്ങളുടെ പഞ്ചായത്തിൽ പുതിയ വീടുകളിലെല്ലാം മഴവെള്ള സംഭരണി നിർബന്ധമാക്കി. എന്റെ വീട്ടിലെ മേൽക്കൂരയിൽ പതിക്കുന്ന വെള്ളം സംഭരണിയിലേക്ക് കൊടുത്തു, ട്ടോ. നാട്ടിൽ മുഴുവൻ ജലസംഭരണികൾ വരട്ടെയെന്നാണ് ഞാൻ പറയുക.

**തേജസ് വി.എം.,** മഞ്ജുഷാസ്, ഒട്ടൂർ, മണന്നൂർ പി.ഒ, തിരുവനന്തപുരം 695611

# വരേം  കുറീം

കൂട്ടുകാർക്കുള്ള രചനാ മത്സര പംക്തിയാണ് വരേം കുറീം.

രചനകൾ കിട്ടേണ്ട അവസാന തിയ്യതി സെപ്റ്റംബർ 30

## ഒന്നാനാം തുമ്പീ...

ഓണം കഴിഞ്ഞിട്ടും ഓണ വെയിൽ തുടുത്തു നിന്നിരുന്നു. ഇളംചൂടിൽ കുഞ്ഞിച്ചിറകുണക്കി പറന്നുവന്ന തുമ്പിയെ നോക്കി കുട്ടി ചിരിച്ചു. തുമ്പിക്ക് സംശയം. കുട്ടി ഉപദ്രവിച്ചാലോ? തുമ്പി മല്ലികക്കാടുചുറ്റി, ഒരു തെച്ചിത്തലപ്പിലിരുന്നു. കുട്ടി അവിടെത്തന്നെ നിൽക്കുകയാണ്.

ഉണ്ടക്കണ്ണിളക്കി തുമ്പി കുട്ടിയെ മറിഞ്ഞും തിരിഞ്ഞും നോക്കി.



തുമ്പിയെ കാണാഞ്ഞ് വിഷമിച്ചു നിൽക്കുകയാണ് കുട്ടി. തുമ്പി മെല്ലെ പാറി, കുട്ടിക്കു മുന്നിൽ വായുവിൽ ഉയർന്നുനിന്നു.

ഹായ്... എത്തിയല്ലോ. സന്തോഷംകൊണ്ട് കുട്ടി തുള്ളിച്ചാടി. തുമ്പിക്കും സന്തോഷമായി. കുട്ടിക്ക് തുമ്പിയോട് ചങ്ങാത്തം കൂടാൻ തിടുക്കമായി. അവൻ പാടി

*ഒന്നാനാം തുമ്പീ നീ*
*വന്നല്ലോ, നന്നായി*
*അങ്ങേലെ കുന്നിന്മേൽ*
*എന്തുണ്ട് വർത്താനം?*

ബാക്കി വരികൾ പൂരിപ്പിച്ചു നോക്കൂ. എന്നിട്ട് യുറീക്കയ്ക്ക് അയച്ചുതരണേ. മികച്ച രചനകൾ പ്രസിദ്ധീകരിക്കും. രചനക്കൊപ്പം പൂർണ വിലാസവും ഫോൺ നമ്പരും എഴുതണേ. അയയ്ക്കേണ്ട അവസാന തീയതി : 2019 സെപ്റ്റംബർ 30.

ചിത്രീകരണം: സുരേഷ് ടി

വർത്തങ്ങളും സൗജന്യമായും കുറഞ്ഞ ചെലവിലും നടന്നു കൊണ്ടിരിക്കുന്നുണ്ട്. ഭിന്നശേഷി സൗഹൃദ പൊതുവിടങ്ങൾ എന്നുള്ളതാണ് മുന്നേറ്റ പ്രവർത്തങ്ങളുടെ കാതൽ. പൊതു സ്ഥാപനങ്ങൾ, പൊതു ടോയ്‌ലറ്റുകൾ, പൊതു യാത്രാമാർഗങ്ങൾ, വിനോദ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൊക്കെ ഭിന്നശേഷിക്കാർക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ പറ്റണം. നല്ല ജീവിത സാഹചര്യങ്ങൾ, വിദ്യാഭ്യാസം, ജോലി, പൊതു ഇടങ്ങളിലെ ഇടപെടലുകൾ എന്നിവയൊക്കെ ഭിന്നശേഷിക്കാരുടേയും അവകാശങ്ങളാണ്. അത് ഒരുക്കിക്കൊടുക്കേണ്ടത് നമ്മൾ ഉൾപ്പെടുന്ന സമൂഹവും ഭരണകൂടവുമാണ്.

ഭിന്നശേഷി സൗഹൃദം എന്നുള്ളതിൽ നിന്നും മാറി ഭിന്നശേഷിക്കാരുൾപ്പെടുന്ന പൊതു സമൂഹം അഥവാ അവരും പൊതു സമൂഹമാണ് എന്നു ചിന്തിക്കുന്ന രീതിയിലേക്ക് നമ്മൾ മാറണം.

പ്രസാദ് കൈതക്കൽ


ചിത്രീകരണം: കെ.സതീഷ്

# ഒരു ജാതി മനുഷ്യന്മാര്!

അടുത്തവീട്ടിലെ രമേശേട്ടന്റെ മോള് ചന്ദനയുടെ ആദ്യത്തെ കുഞ്ഞിന്റെ ഇരുപത്തിയെട്ട് കെട്ട് നാളെയാണ്. ഇവിടെ വന്ന് ക്ഷണിച്ചതാണ്. എന്തെങ്കിലും വാങ്ങണ്ടേ? എന്ന് മഞ്ജുള ചോദിച്ചപ്പോഴാണ് എനിക്കും അക്കാര്യം ഓർമ വന്നത്.

"എന്തു വാങ്ങും?"

"എന്തെങ്കിലും വാങ്ങാതെ പോകുന്നത് മോശമാണ്."




"നമുക്കൊരു കുഞ്ഞുടുപ്പ് വാങ്ങിയാലോ?"

"അയ്യേ! ഇപ്പോ സ്വർണമോതിരമോ വളയോ അരഞ്ഞാണമോ ഒക്കെയാണ് എല്ലാവരും കൊടുക്കുന്നത്. ഒരു മോതിരമെങ്കിലും വാങ്ങേണ്ടിവരും."

"അടുത്ത വീട്ടിലെ ചങ്ങാതിയുടെ മകന് ഒരു കുഞ്ഞു പിറന്നത് ഇത്രനാളും എനിക്കും ആഹ്ലാദമായിരുന്നെങ്കിൽ ഇപ്പോൾ മുതൽ എന്റെ ധർമസങ്കടമാവുകയാണല്ലോ മഞ്ജുളേ.."

എന്റെ തമാശ അവൾക്ക് ഒട്ടും പിടിച്ചില്ല.

"ചെറിയ കുഞ്ഞിന് ഒരു സമ്മാനം കൊടുക്കുന്നതിലും പിശുക്കത്തരം പറയല്ലേ.."

ഞങ്ങളുടെ സംസാരത്തിനിടയിലേക്കാണ് ആമി വന്നു കയറിയത്.

"അമ്മമ്മ പറഞ്ഞു നാളെ താഴത്തെ വീട്ടിലെ ചന്ദനേച്ചീന്റെ കുഞ്ഞിന്റെ നൂല് കെട്ടാണെന്ന്. അമലുവേച്ചി പറഞ്ഞു പാലുകുടി ആണെന്ന്. നിങ്ങൾ പറയുന്നു ഇരുപത്തിയെട്ട് കെട്ടാണെന്ന്! സത്യത്തിൽ നാളെ എന്താ പരിപാടി?"

"എല്ലാരും പറഞ്ഞത് ശരിതന്നെയാ. എന്നാൽ ഇന്നാട്ടില് പണ്ടുമുതലേ ഇത് അറിയപ്പെടുന്നത് ഇരുപത്തിയെട്ട് കെട്ട് എന്ന പേരിലാണ്." മഞ്ജുള പഴയ ബി എഡ് ഓർമകളിൽ ടീച്ചറായി തുടങ്ങി.

"അതെന്താ ഒരു ഇരുപത്തിയെട്ടിന്റെ കണക്ക്? ഇരുപത്തിയെട്ടിന് മാത്രമേ ചരട് കെട്ടിക്കൂട്ടൂ?"

ആമിക്കുട്ടിയുടെ സംശയത്തിനു മുന്നിൽ മഞ്ജുളയിലെ ടീച്ചർ വീണ്ടും ഉണർന്നു.

"പണ്ടുപണ്ട് വാച്ചും ക്ലോക്കും കലണ്ടറുമൊക്കെ കണ്ടുപിടിക്കുന്നതിനുമുമ്പ് എങ്ങനെയായിരിക്കും ഒരു കുട്ടിയുടെ വളർച്ചയും വയസ്സുമെല്ലാം കണക്കാക്കിയത്? സൂര്യന്റെ

ചലനവും നിഴലുകളുടെ വലിപ്പവ്യത്യാസവു മൊക്കെ നോക്കി സമയം ഏകദേശം ഊഹിക്കാം. രാത്രിയും പകലും മാറി മാറി വരുന്നതിനനുസരിച്ച് ദിവസവും കണക്കാക്കാം. ജനിച്ച നക്ഷത്രത്തെ (നാൾ)


SATISH

നോക്കി 27 ദിവസം ആയെന്ന് കണക്കാക്കും. പക്ഷേ, ഇതൊക്കെ എങ്ങനെ രേഖപ്പെടുത്തി വെയ്ക്കും?"

"വളച്ചുകെട്ടിപ്പറയല്ലേ അമ്മേ.. വയസ്സും ഇരുപത്തിയെട്ട് കെട്ടും തമ്മിലെന്താണ് ബന്ധം? നിങ്ങളതു പറ." ആമിക്കുട്ടി ജിജ്ഞാസുവായി.

"എടീ.. കേൾക്ക്.. ജനിച്ചിട്ടെത്ര ദിവസായി എന്നത് 27 ദിവസം വരെ നക്ഷത്രം(നാൾ) നോക്കി കണക്കാക്കും. ഇരുപത്തിയെട്ടാം ദിവസം അരയിൽ ഒരു ചരടു കെട്ടും. വീണ്ടും നാളെണ്ണും. അടുത്ത 28 ന് വീണ്ടും ഒരു കെട്ടിടും. അങ്ങനെ ഓരോ 27 ദിവസം കഴിയുമ്പോഴും ഓരോ കെട്ട്. കെട്ടിന് പകരം മുത്തുകോർക്കുന്ന ഏർപ്പാടും ഉണ്ട്. എത്ര ദിവസമായി കുട്ടി ജനിച്ചു കഴിഞ്ഞിട്ട് എന്ന് കണക്കാക്കിയിരുന്നത് ഇങ്ങനെയായിരുന്നത്രേ!"

"അമ്പമ്പോ! അതാണോ കാര്യം! അതിനാണോ ഇപ്പോഴും ഈ ചരടും കെട്ടിക്കൊണ്ടു നടക്കുന്നത്!" ആമിക്ക് ചിരി വന്നു.

"ആദ്യമാദ്യം ഒരാവശ്യത്തിനു വേണ്ടി നൂലുകെട്ടി. പിന്നെ പണ്ടുള്ളവർ കെട്ടി എന്നുള്ളതുകൊണ്ട് പിന്നീട് വന്നവരും കെട്ടി! ഇപ്പോൾ അതൊരു ആചാരമാണ്. എന്തിനാണെന്നോ ഏതിനാണെന്നോ അറിയാതെ ചരടും കെട്ടി നടക്കുകയാണ്!"

മഞ്ജുളയുടെ വിശദീകരണം കേട്ടപ്പോൾ ആമി പിന്നെയും ചിരിച്ചു.

"കഷ്ടം തന്നെ അല്ലേ അമ്മേ!"

"നീ ചിരിക്കുന്നത് ആചാരസംരക്ഷണക്കാർ കേൾക്കേണ്ട. അവര് നിന്നെ ശരിയാക്കും!"

അമ്മ പറഞ്ഞതു ശ്രദ്ധിക്കാതെ ആമി മറ്റൊരു കാര്യമാണ് ചോദിച്ചത്:

"അമ്മേടെ പഴേ, ചെറിയ നോക്കിയ ഫോൺ ഇപ്പോൾ എവിടെയാണ്?"

"അത് ആ തട്ടും പുറത്തെ ആക്രിപ്പെട്ടിയിലോ മറ്റോ കാണും. എന്തേ ഇപ്പോൾ ചോദിക്കാൻ?"

"അമ്മയെന്താണ് അത് ഉപയോഗിക്കാത്തത്?"

"ഇന്റർനെറ്റും വാട്സ്ആപ്പും ഫേസ്ബുക്കും യൂട്യൂബും ഒക്കെയുള്ള നല്ല പൊളപ്പൻ ആൻഡ്രോയിഡ് ടച്ച് ഫോൺ ഉള്ളപ്പോൾ ആർക്കുവേണം പഴേ ആ ഫോണ്?"

"സാങ്കേതികവിദ്യ പുതിയത് പുതിയത് വരുമ്പോൾ അഞ്ചോ ആറോ കൊല്ലം മുമ്പുള്ള ഉപകരണങ്ങളെപ്പോലും നമ്മൾ ഒരു മനസ്താപവും കൂടാതെ ഉപേക്ഷിക്കുന്നു. അപ്പോഴും നൂറ്റാണ്ടുകൾക്കു മുമ്പുള്ള നൂലും കെട്ടും ഉപേക്ഷിക്കാൻ പറ്റുന്നുമില്ല. ഒരുജാതി മനുഷ്യന്മാര്! ല്ലേ അമ്മേ?"

# മരിച്ചവരെ ജീവിപ്പിക്കുന്ന രസായനം



**അബ്ദുൽ ഖാദർ ബി.സി.**

ചിത്രീകരണം : കെ പി മുരളീധരൻ


വായനശാലയുടെ മുറ്റത്ത് തണൽവിരിച്ച് നിൽക്കുന്ന ബദാംമരത്തിന്റെ ചുവട്ടിലേക്ക് മാഷ് നടന്നു. കൂടെ ആമിയും ആമിയുടെ കുട്ടിപ്പട്ടാളവും.

"ആരാ ഇവരൊക്കെ ആമീ? പരിചയപ്പെടുത്തൂ..."

"ഇവരൊക്കെ എന്റെ കൂട്ടുകാരാ മാഷ്മാമാ... വായനാക്കൂട്ടത്തിലെ കൂട്ടുകാർ..."

"വായനക്കൂട്ടമോ ? വായിക്കുന്ന കൂട്ടുകാരുടെ കൂട്ടമാണോ?"

"അതെ, മാമാ. ഞങ്ങളുടെ സ്കൂളിലെ വായനക്കാരായ കൂട്ടുകാരുടെ കൂട്ടായ്മയാണ് വായനാക്കൂട്ടം. ഞങ്ങടെ മലയാളം മാഷാണ് നേതാവ്. വെള്ളിയാഴ്ച ഉച്ചയ്ക്ക് ഞങ്ങൾ സ്കൂൾ മുറ്റത്തെ മുത്തശ്ശിപ്ലാവിന്റെ ചോട്ടിലെത്തും. വായിച്ച പുസ്തകങ്ങളെക്കുറിച്ചും മറ്റും പറയും... പുതിയ പുസ്തകങ്ങളെക്കുറിച്ചും, വായനാനുഭ




വങ്ങളെക്കുറിച്ചുമൊക്കെ മാഷ് പറഞ്ഞുതരും.."

"കൊള്ളാമല്ലോ. സ്കൂളിൽ ഒരു വായനാക്കൂട്ടം... പുതിയ കുട്ടുകാരിൽ വായനക്കാർ കുറവാണ് എന്നൊക്കെയാ എന്നെപ്പോലുള്ളവരുടെ ധാരണ. ഏതായാലും നിങ്ങളൊക്കെ നല്ല വായനക്കാരാണ് എന്നറിഞ്ഞതിൽ സന്തോഷം."

"ഇന്നലെ ഞാനിവിടെ വന്നതും, മാമനെ കണ്ടതും, പുസ്തകമെടുത്തതുമൊക്കെ ഇവരൊക്കെ അറിഞ്ഞു. എങ്ങനെയാണെന്നോ? മാഷ്മാമൻ പറഞ്ഞ പഞ്ചതന്ത്രം കഥ ഞാൻ ചുരുക്കിയെഴുതി വാട്സ് ആപ്പിലിട്ടു. അത് വായിച്ച് ഹരം കയറി വന്നവരാ ഇവര്."

"നന്നായി വായിക്കുന്നവരല്ലേ നിങ്ങൾ? എന്റെ പൊട്ടക്കഥകൾ ഇഷ്ടാവ്വോ?"

"പൊട്ടക്കഥ... നല്ല തമാശ! പഞ്ചതന്ത്രം ഞാൻ പലവട്ടം വായിച്ചതാ. എന്നാൽ പഞ്ചതന്ത്രത്തിന് പിന്നിലൊരു കഥയുണ്ടെന്ന കാര്യം... മാഷ് പറഞ്ഞപ്പഴാ അറിയുന്നത്."



"ശരി... നമുക്ക് കഥ തുടങ്ങാം... ഇന്ന് ഈസോപ്പായാലോ?"

"അല്ല മാമാ... പഞ്ചതന്ത്രം തീർന്നിട്ടില്ല. പഞ്ചതന്ത്രം അറബിനാട്ടിൽ എത്തിയതിനെക്കുറിച്ച് മനോഹരമായ ഒരു കഥയുണ്ടെന്ന് പറഞ്ഞാ മാഷ് നിർത്തിയത്."

"ശരി." മാഷ് പറഞ്ഞുതുടങ്ങി.

"പഞ്ചതന്ത്രം പെട്ടെന്നാണ് നാടായ നാടൊക്കെ ചുറ്റിക്കറങ്ങിയത്. ചുണ്ടിൽ നിന്നും ചുണ്ടിലേക്ക് കൈമാറിയാണ് യാത്ര! ഈ യാത്രയ്ക്കിടയിൽ കഥകൾക്ക് പല പല മാറ്റങ്ങളും വരിക സ്വാഭാവികം. കഥ പറയുന്നവരുടെ മനോധർമത്തിനനുസരിച്ച് കൂട്ടിച്ചേർക്കലുകൾ നടന്നു."

"ആരാ മാമാ ഈ കഥകളൊക്കെ പറഞ്ഞു നടന്നത്?"

"മിക്കപ്പോഴും വ്യാപാരിസംഘങ്ങൾ. മാസങ്ങൾ നീണ്ടുനിൽക്കുന്ന യാത്രകൾ പണ്ടുകാലത്ത് കച്ചവടത്തിന്റെ ഭാഗമായിരുന്നു. നാടുകൾ താണ്ടി സാധനങ്ങൾ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതിനിടയിൽ അവർ ആ നാട്ടുകളിലെ ജീവിതവും അവരുടെ സംസ്കാരവും മനസ്സിലാക്കും. നാട്ടുകാർ പറയുന്ന കഥകൾ കേൾക്കും. അത് മറ്റുള്ളവരോട് പറയും."

"അറബികളായ കച്ചവടക്കാരുടെ കാര്യം പ്രത്യേകം പറയണം. അറ്റമില്ലാതെ പരന്ന്

കിടക്കുന്ന മരുഭൂമി... ഒട്ടകപ്പുറത്തുള്ള ദുർഘടമായ യാത്രകൾ... ആകാശത്തെ നക്ഷത്രങ്ങളെ നോക്കി വേണം വഴി കണ്ടുപിടിക്കാൻ. ദുർഘടമായ മരുപ്പാതകൾ പിന്നിട്ടുള്ള നീണ്ട യാത്രകൾക്കിടയിൽ ഓരോ ദേശത്തുനിന്നുമുള്ള കഥകളും അവരുടെ കൂടെ ചേരും. കഥകളെ അത്രയ്ക്ക് ഇഷ്ടമാണ് അറബികൾക്ക്"

"ഒരിക്കൽ പേർഷ്യൻ നാടുവാഴിയായിരുന്നെ ഖുസ്രു അനുഷിർഖാന് ഒരു വിവരം ലഭിച്ചു. ഒരു കച്ചവടക്കാരനിൽ നിന്നാണ്. മരിച്ചവരെ ജീവിപ്പിക്കുന്ന ഒരു രസായനമുണ്ടത്രെ! അങ്ങ് ദൂരെ ഹിന്ദുഷ് ദേശത്തിലാണ് അതുള്ളത്. ഉത്തുംഗങ്ങളായ പർവത ശിഖരങ്ങളിൽ വളരുന്ന ഔഷധച്ചെടികൾ ഉപയോഗിച്ചാണത്രേ ഈ രസായനമുണ്ടാക്കുന്നത്."

"ഏതാ ഈ ഹിന്ദുഷ് ദേശം എന്നറിയ്യോ?" ഒന്നു നിർത്തി മാഷ് ചോദിച്ചു. മാഷ് തന്നെ ഉത്തരവും പറഞ്ഞു: "ഇന്ത്യ. സിന്ധു നദീതടത്തിലെ ഭൂപ്രദേശത്തെ പേർഷ്യക്കാർ അന്ന് വിളിച്ചിരുന്ന പേര് ഹിന്ദുഷ് എന്നായിരുന്നു. സിന്ധുവിനെ ഹിന്ദു എന്നാണ് പേർഷ്യനിൽ ഉച്ചരിക്കുക. ഗ്രീക്കുകാർ ഇൻഡു എന്നും. അതിൽനിന്നാണ് പിന്നീട് ഇന്ത്യ എന്ന പേര് വന്നത്."

"ശരി, നമുക്ക് കഥയിലേക്ക് വരാം."

"മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ള ആ മരുന്ന് നമുക്കും കിട്ടണം. അത് ലോകത്ത് എവിടെയാണുള്ളതെങ്കിലും. അനുഷിർഖാൻ രാജാവ് ഉറപ്പിച്ചു."

"അദ്ദേഹം തന്റെ വിശ്വസ്തനായ മന്ത്രി ബർസോയേയെ ഹിന്ദുഷിലേക്ക് അയച്ചു. മാസങ്ങൾ നീണ്ടുനിന്ന യാത്രകൾക്കൊടുവിൽ ബർസോയേ ഹിന്ദുഷിൽ എത്തി. അവിടത്തെ നാട്ടുരാജാക്കന്മാരെ കണ്ടു. പണ്ഡിതന്മാരുമായും സന്യാസിമാരുമായും ചർച്ചകൾ നടത്തി. നഗരങ്ങളിലും ഗ്രാമങ്ങളിലും നിരന്തരം യാത്ര ചെയ്തു. ഗ്രാമമുഖ്യന്മാരുമായും കാട്ടുജാതിക്കാരുമായും സംസാരിച്ചു. ഹിമാലയസാനുക്കളിലെ മലമടക്കുകളിലൂടെ ദീർഘിച്ച യാത്രകൾ നടത്തി. നിരാശയായിരുന്നു ഫലം. മരിച്ചവരെ ജീവിപ്പിക്കുന്ന രസായനത്തെക്കുറിച്ച് ആർക്കും അറിയില്ല!"

"ഇനി തിരിച്ചുപോവുക തന്നെ. പുറപ്പെടാനുള്ള ഒരുക്കങ്ങളിലായി പിന്നെ ബർസോയിയുടെ ശ്രദ്ധ. ഹിന്ദുഷ് ദേശത്തെ വിലപിടിപ്പുള്ള സാധനങ്ങൾ ധാരാളമായി ശേഖരിച്ചു. നാട്ടുരാജാക്കന്മാർ നൽകിയ വിലപിടിപ്പുള്ള സമ്മാനങ്ങൾ വേറെയും. അങ്ങനെ നാട്ടിലേക്ക് തിരിക്കാനുള്ള ഒരുക്കങ്ങൾക്കിടെ ഒരു കച്ചവടത്തെരുവിൽ നിന്നും കണ്ടുമുട്ടിയ ജ്ഞാനിയായ ഒരാൾ ബർസോയേയോട് പറഞ്ഞു."

"നിങ്ങളുടെ രാജാവ് കേട്ട രസായനം യഥാർത്ഥത്തിൽ ഒരു രസായനമല്ല. അത് ഒരു അന്യാപദേശ കഥയാണ്. ഇവിടെ മരിച്ചവരെ ജീവിപ്പിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മറ്റൊന്നുമല്ല. ബുദ്ധിയില്ലാത്ത മണ്ടന്മാരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരിക എന്നാണ്. കഥയിലെ വലിയ പർവതങ്ങൾ ജ്ഞാനികളായ മഹർഷിമാരാണ്. അഥവാ അറിവിന്റെ ഉത്തുംഗ പർവതങ്ങൾ!"

"ഔഷധച്ചെടികൾ ഈ പണ്ഡിതരുടെ തൂലികയിൽ നിന്നും ജനിച്ച നാനാതരം പുസ്തകങ്ങളും. ആ പുസ്തകങ്ങളിലെ 'സത്ത്' തന്നെയാണ് രസായനം. മരമണ്ടന്മാരെ ജീവിതവൃത്തികളിലേക്ക് തിരിച്ചുകൊണ്ടുവന്ന് നന്മനിറഞ്ഞവരാക്കുന്ന രസായനം."

"എന്താ വിശ്വാസം വരുന്നില്ലേ? പണ്ഡിതൻ ചോദിച്ചു."

"ശരി... ഈ രസായനമാകുന്ന പുസ്തകം എവിടെ കിട്ടും?"

"ഇതാ... ഇതാണ് ആ പുസ്തകം."

"അദ്ദേഹം തന്റെ ഭാണ്ഡത്തിൽ നിന്നും ഒരു 'പഞ്ചതന്ത്രം' എടുത്ത് ബർസോയിക്ക് നൽകി."

" പഞ്ചതന്ത്രം കഥകൾ അഥവാ മരിച്ചവരെ ജീവിപ്പിക്കുന്ന രസായനം ബുർസോയേ രാജഭാഷയായ പഹ്‌ലവിയിലേക്ക് മൊഴിമാറ്റം നടത്തി. അതുമായിട്ടാണ് ബർസോയേ മടങ്ങിപ്പോയത്. ഈ പഹ്‌ലവി പരിഭാഷയാണ് പഞ്ചതന്ത്രം ലോകമെങ്ങും പ്രചരിക്കാൻ കാരണം. എങ്ങനെയെന്നോ? എ.ഡി.എട്ടാം നൂറ്റാണ്ടിൽ ഇബ്നു മുഖഫ് അ അബ്ദുല്ല എന്ന പണ്ഡിതൻ പഹ്‌ലവി ഭാഷയിൽ നിന്ന് പഞ്ചതന്ത്രം അറബിയിലേക്ക് വിവർത്തനം ചെയ്തു. 'കലീലവദിംന' എന്ന പേരിൽ. ഈ അറബി പരിഭാഷയിൽ നിന്നാണ് പഞ്ചത



ന്ത്രത്തിന് സുറിയാനി, ഹീബ്രു, ലത്തീൻ, റഷ്യൻ, ജർമൻ തുടങ്ങി ഒട്ടേറെ ലോകഭാഷകളിൽ പരിഭാഷ വന്നത്... "

"ഈ പരിഭാഷകളാണോ ഇപ്പഴും ഉള്ളത്?"


"അങ്ങനെ പറയാൻ പറ്റില്ല. പുതിയ പുതിയ പരിഭാഷകൾ സംസ്കൃതത്തിൽ നിന്ന് നേരിട്ട് നടന്നിട്ടുണ്ട്. കൗതുകകരമായ കാര്യം ബർസോയേ പഹ്‌ലവിയിൽ നടത്തിയ പരിഭാഷ നഷ്ടപ്പെട്ടു പോയി എന്നതാണ്. എന്നാൽ അതിൽ നിന്നു ഇബ്നു മുഖഫ് അ അബ്ദുല്ല അറബിയിലേക്ക് മൊഴിമാറ്റി എഴുതിയ പഞ്ചതന്ത്രം ഇന്നും കിട്ടാനുണ്ട് താനും."

"മാഷേ, നമ്മുടെ ഭാഷ, മലയാളത്തിൽ പഞ്ചതന്ത്രം വന്നതെങ്ങനെയാ?"

"പഞ്ചതന്ത്രം മുഴുവനായും മലയാളത്തിലേക്ക് വരുന്നത് കുഞ്ചൻനമ്പ്യാരുടെ 'പഞ്ചതന്ത്രം കിളിപ്പാട്ടി'ലൂടെയാണ്. കവിയുടെ കഥാമുഖം ഇങ്ങനെയാണ്.

ഗ്രന്ഥവിസ്താരേ ഭയമുള്ള ബാലകൻമാർക്കും
അന്തരംഗത്തിൽ ബോധമില്ലാത്ത ജനങ്ങൾക്കും
ചന്തമോടറിവാനായ് പഞ്ചതന്ത്രാഖ്യം നീതി
ഗ്രന്ഥതാത്പര്യം കിഞ്ചിൽ ഭാഷയായ് ചൊല്ലീട്ടു
ന്നേൻ.

ഇത് കുട്ടികൾക്കും, അറിവ് കുറഞ്ഞ ജനങ്ങൾക്കും വേണ്ടി ബോധപൂർവം എഴുതിയതാണെന്നാണ് കവി



# മഴ

പ്രേമജാഹരീന്ദ്രൻ

ചിത്രീകരണം: ടിൻടു

മാനത്തുടൊഴുകി നടക്കും
കരിമേഘത്തുണ്ടയ്യോ
മഴയായി പെയ്യുന്നു
മണ്ണിൽ വീണൊഴുകുന്നു.

ആറായും കുളമായും
പുഴയായും നിറയുന്നു
വഴിയേറെച്ചെല്ലുന്നു
കടലിൽച്ചെന്നെത്തുന്നു.

കത്തുന്നൊരു സൂര്യൻ മെല്ലെ-
കൈ മാടി വിളിക്കുമ്പോൾ
ജലബാഷ്പം മാനത്തേ-
ക്കുടനേയങ്ങുയരുന്നു.

കരിമേഘത്തുണ്ടായി
കളി വീണ്ടും തുടരുന്നു
മഴയായി മണ്ണിന്റെ
ഉയിരായി നിറയുന്നു.

---

സാക്ഷ്യപ്പെടുത്തുന്നത്. നാം നിത്യേന ഉപയോഗിക്കുന്ന ഒത്തിരി ശൈലികൾക്കും ഈരടികൾക്കും നമ്പ്യാരുടെ പഞ്ചതന്ത്രത്തോട് കടപ്പെട്ടിരിക്കുന്നു."

"ഉദാഹരണം: മൂഷികസ്ത്രീ പിന്നേയും മൂഷികസ്ത്രീയായ് വന്നു."

"അന്ധനായുള്ളവൻ ദീപം കരത്തിങ്ക-
ലേന്തി നടന്നാൽ വഴിയറിഞ്ഞീടുമോ? "

ഈരടികൾ ഈണത്തിൽ ചൊല്ലി മാഷ് എഴുന്നേറ്റു.

"കൂട്ടുകാർക്ക് ബോറടിച്ചോ? കഥ കേൾക്കാൻ വന്ന് കവിതയിലേക്കെത്തിപ്പോയി അല്ലേ?"

"ബോറടിച്ചു, ബോറടിച്ചു അതു കൊണ്ട്, ഞാള് നാളെയും വരും..."

മാഷ് ഉറക്കെ ചിരിച്ചു. കുട്ടികളും.

പദപ്രശ്നം പൂരിപ്പിച്ച് പേരും വിലാസവും എഴുതിയശേഷം ഫോട്ടോ എടുത്ത് ടെലഗ്രാം/ വാട്സപ്പ്/ ഇ-മെയിൽ അയയ്ക്കുക (ഏതെങ്കിലും ഒന്നിലയച്ചാൽ മതി).

: 9495981919

: priyappettaeureke@gmail.com







## 5 പേർക്ക് സമ്മാനങ്ങൾ...

**പദപ്രശ്നം കിട്ടേണ്ട അവസാന തീയ്യതി : സെപ്റ്റംബർ 30, 2019**

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

| | | | | |
|---|---|---|---|---|
| 1 | | 2 | ■ | 3 പ |
| | ■ | 4 | | തം |
| ■ | 5 | | ■ | ഗം |
| 6 | | ■ | ■ | ■ |
| 7 | | | | |

പേര് : ..........................................................

ക്ലാസ് :..........................................................

സ്കൂൾ വിലാസം :.......................................

..........................................................................

സ്ഥലം :..........................................................

ജില്ല :..........................................................

ഫോൺ :..........................................................

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

### വലത്തോട്ട്

1 ഉറന്നുവരുന്നതാണ്.

4 എളുപ്പം എന്ന് അർത്ഥമുണ്ട്.

5 കറിയിൽ ചേർത്താൽ രുചി. കടലിൽ കലക്കരുതേ, ഒന്നുണ്ടാവില്ല.

6 ഇതൊരു വൃക്ഷമാണ്. പാലുള്ള വൃക്ഷം. ഇതൊരു സ്ഥലപ്പേരുമാണ്. ഇപ്പോൾ പത്രത്തിൽ എപ്പോഴും കാണുന്ന സ്ഥലപ്പേര്.

7 ഇതുണ്ടാവുന്നത് കായിക രംഗത്ത് നല്ലതാണ്.

### താഴോട്ട്

1 ഇതില്ലാതെ എന്തു കറി!

2 വട്ടത്തിലുള്ളതാണ്. വൃത്തമെന്നും പറയാം.

3 പക്ഷിയുടെ പര്യായം.

5 ശങ്കരാചാര്യർ ജനിച്ച നാട് ഇതാണത്രെ.



# തട്ടീം മുട്ടീം

# ഊ... ഊ... ഊത്തപ്പം

**ശരിക്കുമുള്ള ഊത്തപ്പം എങ്ങനെയാ ഉണ്ടാക്കുക? അത് ഈ സ്പെഷൽ ഊത്തപ്പം ചുട്ടുകഴിഞ്ഞശേഷം പോയി അന്വേഷിക്കണേ... ഇത്തവണ ബ്രെഡും തൈരും റവയും ചേർത്ത് ഒരുത്തപ്പമങ്ങോട്ട് ഉണ്ടാക്കിയാലോ... ഉണ്ടാക്കിക്കഴിഞ്ഞ ശേഷം ചട്ട്ണിയും സാമ്പാറും കൂട്ടി അത് കഴിക്കുകയും വേണേ...**

**ഷിൻ ഷിൻ** ചിത്രീകരണം: ടിൻടു



"ഗൊങ്കു, ചിമ്മൂ, സ്വിട്ടൂ... ഓടി വാ..." ഞാൻ ആർത്തുവിളിച്ചു. ആരും വന്നില്ല.

"കഷ്ടം." അവൾ ഹെയർബാന്റ് ഊരി മേശപ്പുറത്തു വച്ചു. പിന്നെ പച്ചമണിക്കൊലുസ്സും തമ്മിൽ തട്ടിയാൽ ഒച്ചയുണ്ടാവാത്ത, വ്യസ്റ്റൻ ബാങ്കിളും അഴിച്ചെടുത്ത് മേശപ്പുറത്തുവച്ചു.

പിന്നെ ചൂണ്ടുവിരൽ ചുണ്ടിൽ മുട്ടിച്ച് ഒരു ചെറിയ ശൂ...വും ഒരു വലിയ ശൂ...വും ഉണ്ടാക്കി, ഒറ്റയ്ക്ക് പതുങ്ങിപ്പതുങ്ങിച്ചെന്നു.

അടുക്കളയിലെ ചാരിയിട്ട വാതിൽ തലകൊണ്ട്, മുട്ടിത്തുറന്ന്, ഷെൽഫിൽ നിന്നും ഒരു പാക്കറ്റ് ബ്രെഡ് കൈക്കലാക്കി.

"പ്രധാന സാധനം കിട്ടി." ഞാൻ ഒറ്റയ്ക്ക് പറഞ്ഞു. മറ്റ് മർക്കടേഴ്സ് എവിടെപ്പോയി.

"സ്വിട്ടൂ... ചിമ്മൂ.. ഗൊങ്കൂ... " അവൾ ആർത്തു. പിന്നേയും ആർത്തുവിളിച്ചു.

"പ്രസന്റ് ടീച്ചർ..."

മൂന്നും ഹാജർ. സ്വിട്ടു, റവ അരക്കപ്പ് മേശപ്പുറത്തുവച്ചു.

ആറ് സ്പൂൺ മൈദ ഒരു പേപ്പറിൽ പൊതിഞ്ഞെടുത്തിരുന്നു. അതും അവിടെ വച്ചു.

"ചേരുവ ഒന്ന് റെഡി. ഇനിയോ..." ഞാൻ ചോദിച്ചു.

ചിമ്മു, ഒരു കപ്പ് ചൂടുപാൽ മറച്ചുപിടിച്ചത് ഉടുപ്പിനടിയിൽനിന്നും പുറത്തുവച്ചു.

"ഇതു ഞാൻ പൊള്ളാതെ കൊണ്ടുവന്നതാ. നാനേച്ചീ..." അവൾ പുഴപ്പല്ല് കാണിച്ച് ചിരിച്ചു.

"എവിടെ ബാക്കി... ചേരുവ മൂന്ന് വരട്ടെ."

നാല് സ്പൂൺ തൈര് ഒരു വലിയ പാത്രത്തിലാക്കി ഗൊങ്കു കൊണ്ടുവന്നിരുന്നു. രണ്ട് പച്ചമുളകരിഞ്ഞത്, വലിയ ഒരു തുണിക്കവറിലും കൊണ്ടുവന്നിരിക്കുന്നു. രണ്ടും മേശപ്പുറത്ത് വച്ചപ്പോൾ കൂട്ടച്ചിരി മുഴങ്ങി.

"ആരും ചിരിക്കേണ്ട." ഞാൻ കണ്ണുരുട്ടി.

"ഇനി, നാനേച്ചി കൊണ്ടോന്നതെവിടെ?" മൂന്നുപേരും വായ തുറന്നു.

"ശൂ..." ഞാൻ വിരല് ചുണ്ടിൽ വച്ചു. അപ്പോൾ മൂവരും തിരിച്ചും അങ്ങനെത്തന്നെ വിരലു ചുണ്ടിൽ വച്ചു. "ശൂ..."

ഞാൻ കവറിൽ നിന്നും 8 സ്ലൈസ് ബ്രെഡ് പുറത്തെടുത്തുവച്ചു.

## ഇനി ചേരുവകൾ മിക്സ് ചെയ്യാം

"യേസ്..." എല്ലാവരും പറഞ്ഞു.

ബ്രെഡ് ചുടുപാലിൽ കുതിർത്തശേഷം അവർ അര മണിക്കൂർ 'ഗെയിം' കളിച്ചു.

ഓറഞ്ച് ടെയിൻ ബ്ലൂ ക്ലൗഡിൽ കുട്ടിമുട്ടിക്കുന്ന ഗെയിം. പിന്നെ ഓടിയെത്തി എല്ലാ ചേരുവകളും ഒരുമിച്ചാക്കി. അധികം വെള്ളം ചേർക്കാതെ കട്ടിയിൽ മിക്സിയിൽ അടിച്ചെടുത്തു. ആവശ്യത്തിന് ഉപ്പും, അരിഞ്ഞ രണ്ടു മുളകും ചേർത്ത് ഒരു മണിക്കൂർ നേരം വച്ചു.



ആ ഒരു മണിക്കൂറിൽ മൂവരും ലൂഡോ ഗെയിമിൽ നാനേച്ചിയെ തോൽപ്പിച്ചു.

തോറ്റുതൊപ്പിയിട്ടു വന്ന നാനേച്ചി കുതിർക്കാൻ വച്ച അരപ്പിലേക്ക് അല്പം വെള്ളം ചേർത്ത് എല്ലാം കൂടെ ദോശമാവുപോലെ കലക്കിവച്ചു.

അപ്പോഴാണ് ഒരു ബോധോദയം, ഒരു ചെറിയ കഷ്ണം സവാളയും അല്പം തേങ്ങ ചിരണ്ടിയതും കൂടി ചേർത്താൽ 'ഭീകര'മാവില്ലേ?

"ആവും ആവും ആവും നാനേച്ചീ." പീക്കിരികൾ ആർത്തുവിളിച്ചു.

അങ്ങനെ എല്ലാം കൂടി ചേർത്ത് അസ്സല് മാവ് പരുവത്തിലാക്കി.

ഊ... ഊ... ഊത്തപ്പം
ഊതിക്കാച്ചിയ ഊത്തപ്പം
ഉലകം ചുറ്റും ഊത്തപ്പം
ഊട്ടിയിൽ കിട്ടും ഊത്തപ്പം

എന്നുറക്കെപ്പാടി ദോശക്കയിൽ ശീ... ശീ...യായി ഊത്തപ്പമോരോന്നായി ചുട്ടെടുത്തു.

നാ... നാ... നന്നായി
നാനേച്ചി ചുട്ടയപ്പം നന്നായി

ഊത്തപ്പം കഴിക്കുമ്പം പാട്ടുപാടിയ പീക്കിരികളെയെല്ലാം നാൻ നന്നായി വഴക്കു പറഞ്ഞു നിലയ്ക്കുനിർത്തി.








ഒമ്പതാം വെല്ലുവിളി

ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക് ഇനിയും അവസരം...
www.eureka.kssp.in എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യൂ.
ഒന്നാം വെല്ലുവിളി മുതൽ നിങ്ങൾക്ക് ഈ കളിയിൽ പങ്കെടുക്കാം.

# പറക്കുന്ന കൂട്ടുകാർ

**രാധാകൃഷ്ണൻ ആലുവീട്ടിൽ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

മരങ്ങളിൽ നിന്നും മരങ്ങളിലേക്ക് മിന്നിമായുന്ന ഒരു പക്ഷി! മുറ്റത്തേക്കിറങ്ങി. അതിനു പിന്നാലെ പോകാൻ നിമിഷ ഒരു ശ്രമം നടത്തി. പക്ഷേ, വിജയിച്ചില്ല. നിമിഷ നേരം കൊണ്ട് അത് എങ്ങോട്ടോ മറഞ്ഞു. നിരാശയോടെ തിരിച്ചു നടക്കുമ്പോഴും അതിന്റെ നീണ്ട വാലും ചെറിയ ഉടലും വായുവിൽ തെന്നിത്തെന്നിയുള്ള ആ പറക്കലുമൊന്നും മനസ്സിൽ നിന്നും മായുന്നില്ല.

ഭാഗ്യം, അച്ഛൻ ഉമ്മറത്തുണ്ട്. അച്ഛനാണ് നിമിഷയുടെ സർവവിജ്ഞാന കോശം. എന്തും ചോദിക്കാം. ഉത്തരം കണ്ടുപിടിച്ചുതരും.

ആ ഭംഗിയുള്ള പക്ഷിയുടെ പേരെന്താണ്? അകത്തേക്ക് കയറുന്നതിനിടയിൽ നിമിഷ അച്ഛനോട് ചോദിച്ചു

എല്ലാ പക്ഷികളും ഭംഗിയുള്ളവയല്ലേ? അച്ഛൻ ചിരിച്ചു.

എങ്ങനെയാ പറയേണ്ടതെന്നറിയില്ലച്ഛാ... നല്ല ഭംഗിയുള്ളതായിരുന്നു. പറന്നുപോയി. നിമിഷ തന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തി.

സാരമില്ല. നമുക്ക് കണ്ടെത്താം. അച്ഛൻ അവളെ ആശ്വസിപ്പിച്ചു കൊണ്ട് തുടർന്നു. പക്ഷികളെക്കുറിച്ച് വിശദീകരിക്കുന്നതിന് ചില എളുപ്പ വഴികളുണ്ട്. അങ്ങിനെ പറഞ്ഞാൽ തിരിച്ചറിയാൻ എളുപ്പമാണ്.

അതെങ്ങനെയാ? നിമിഷയ്ക്ക് അതറിയാൻ തിടുക്കമായി.

ആദ്യം എല്ലാവർക്കും പരിചിതമായ ചില പക്ഷികളുമായി വലിപ്പം താരതമ്യം ചെയ്യണം.

പ്രാവിനേക്കാൾ വലുത്– ചെറുത്, മൈനയേക്കാൾ വലുത്– ചെറുത്, എന്നിങ്ങനെ.

അല്ലേ അച്ഛാ..? നിമിഷയ്ക്ക് ഉത്സാഹമേറി.

അതെ. പിന്നെ ശരീരഭാഗങ്ങളുടെ പ്രത്യേകതകൾ പറയണം.

കൊക്കിന്റെ പ്രത്യേകത– ചെറുത്, നീണ്ടത്, തടിച്ചത്... അങ്ങനെ.

തൂവലിന്റെ നിറം– അതു തന്നെ വ്യക്തമായി പറയാനായി കഴിയണം. തലയിലെ നിറം, കഴുത്തിലെ നിറം, എന്നിങ്ങനെ.

കാലിന്റെ പ്രത്യേകത– വിരലുകളുടെ എണ്ണം, നീളം തുടങ്ങിയവ.

വാലിന്റെ പ്രത്യേകത– നീളം, ആകൃതി, നിറം.. അങ്ങനെയങ്ങനെ... അച്ഛൻ പറഞ്ഞു നിർത്തി.

അച്ഛൻ ഒന്നു മറന്നു. ശബ്ദം– നിമിഷ ആഹ്ലാദത്തോടെ പറഞ്ഞു. കുയിലിന്റെ ശബ്ദം ഉണ്ടാക്കാൻ എളുപ്പമാ... ഇതാ ഇതുപോലെ... കുഊഊ... കുഊഊഊ... നിമിഷ നീട്ടിക്കൂവി.

ശരിയാണ്. ഇതുപോലെ ഓരോ പക്ഷികൾക്കും സവിശേഷമായ ചില ശബ്ദമുണ്ട്. അതും ശ്രദ്ധിക്കണം. അച്ഛൻ പറഞ്ഞു.

ഇപ്പോൾ എനിക്ക് ഞാൻ കണ്ട കിളിയെക്കുറിച്ച് പറയാൻ കഴിയും. നിമിഷയ്ക്ക് ആവേശമായി. അതിന്റെ ശബ്ദം ഞാൻ കേട്ടില്ല. നീണ്ട, വെളുത്ത് വീതി കുറഞ്ഞ വാൽ. ചെറിയ ശരീരം. ഇത്രയേ ശ്രദ്ധിക്കാൻ പറ്റിയുള്ളൂ.

കുറച്ചുകൂടി കാര്യങ്ങൾ ശ്രദ്ധിക്കാനായാൽ മികച്ച പക്ഷി നിരീക്ഷകയാവും. പക്ഷിയുടെ ഏകദേശ ചിത്രം വരയ്ക്കണം. എവിടുന്ന് കണ്ടു– സമയം, തിയ്യതി. ഒറ്റയാണോ കൂട്ടമായിട്ടാണോ ഉണ്ടായിരുന്നത്– കൂട്ടമാണെങ്കിൽ എണ്ണം എന്നിങ്ങനെയുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ നല്ലതാണ്. നിമിഷ വിവരണം

പറയാൻ തുടങ്ങിയതും അച്ഛൻ ഇടപെട്ടു. നീ കണ്ടത് നാകമോഹൻ എന്ന പക്ഷിയാവും. ദേശാടന പക്ഷിയാണത്. ഹിമാലയ പ്രദേശങ്ങളിൽ നിന്നാണ് ആ പക്ഷി വരുന്നത്. നീ കണ്ടത് ആൺപക്ഷിയെ ആവും. പെൺ പക്ഷിക്ക് തവിട്ടു നിറമാണ്. അതിന് നീണ്ട വെളുത്ത വാൽ ഉണ്ടാവില്ല. നിമിഷ അത്ഭുതത്തോടെ അച്ഛൻ പറയുന്നത് കേട്ടിരുന്നു. എത്ര പെട്ടന്നാണ് അച്ഛൻ പക്ഷിയെ തിരിച്ചറിഞ്ഞത്!

അതിരിക്കട്ടെ, നിനക്ക് എത്ര പക്ഷികളുടെ പേരറിയും? അച്ഛന്റെ ചോദ്യം അവളെ ചിന്തയിൽ നിന്നുണർത്തി.

ഒട്ടകപ്പക്ഷി, പെൻഗ്വിൻ... നിമിഷ പറയാൻ തുടങ്ങി.

മതി, മതി... നമ്മുടെ നാട്ടിൽ കാണുന്നവയിൽ പേരറിയാവുന്നവയാണ് വേണ്ടത്. മാത്രമല്ല, കണ്ടാൽ തിരിച്ചറിയണം. കേരളത്തിലെ പക്ഷികൾ



എന്ന പുസ്തകം ഷെൽഫിലുണ്ട്. നീ എടുത്തു നോക്കിയിട്ടുണ്ടോ?

ഇതുവരെ ആവശ്യം വന്നില്ലച്ഛാ... നിമിഷ പറഞ്ഞു.

എന്നാൽ ആവശ്യം വന്നിരിക്കുന്നു. പുതിയ വെല്ലുവിളി പക്ഷികളാണ്.

വെല്ലുവിളി എന്നു കേട്ടതും അവൾ അകത്തേക്ക് ഓടി വെല്ലുവിളി പുസ്തകവും എടുത്ത് വന്നു.

– ചുറ്റുപാടും കാണുന്ന പത്ത് പക്ഷികളെയെങ്കിലും തിരിച്ചറിയണം.

– ഓരോ പക്ഷിയുടെയും സവിശേഷതകൾ കണ്ടെത്തണം. കുറിപ്പ് തയ്യാറാക്കണം.

– എവിടെ വച്ചാണ് കണ്ടത്. എത്ര എണ്ണത്തെ കണ്ടു എന്നു കൂടി ചേർക്കണം.

– ശബ്ദം റെക്കോഡ് ചെയ്യാൻ കഴിയുമെങ്കിൽ അതും വേണം.

– വീട്ടിലെല്ലാവർക്കും തിരിച്ചറിയാവുന്ന പക്ഷികളുടെ പട്ടിക കൂടി ഉണ്ടാക്കണം.

– പറക്കുന്ന കൂട്ടുകാർ എന്ന പേരിൽ അവയുടെ ചിത്രങ്ങളും കുറിപ്പും ചേർത്ത് വെല്ലുവിളി സൈറ്റിൽ ഉൾച്ചേർക്കുക.

– പക്ഷികൾക്ക് ഓരോ നാട്ടിലും വ്യത്യസ്ത പേരുകൾ ഉണ്ടാവും. പുസ്തകങ്ങൾ പരിശോധിച്ച് പൊതു പേരുകൾ കണ്ടുപിടിക്കാൻ ശ്രമിക്കണം.

– പരമാവധി പക്ഷികളുടെ പേര് പഠിക്കുന്നതിനാണ് ഊന്നൽ നൽകേണ്ടത്.

– പേരറിയാത്ത പക്ഷികളെ തിരിച്ചറിയലാണ് ഇതിലെ വെല്ലുവിളി.

– പക്ഷികളുടെ പേരുകൾ കണ്ടെത്താൻ നടത്തിയ ശ്രമം തന്നെ കഥയായി എഴുതാനുണ്ടാവും. കഴിയുന്നത്ര പക്ഷികളുടെ ഫോട്ടോ എടുക്കണം.

സ്വചിത്രം വേണോ?

– അത് വേണ്ട മോളേ... പക്ഷികൾ അതിനു വേണ്ടി നിന്നു തരില്ല. അച്ഛൻ ചിരിച്ചു. നിമിഷയും.

# കാഴ്ചപ്പുറം

സുരഭിവചന

സെപ്റ്റംബർ 16 ഓസോൺ ദിനം

## ദിനാചരണം



അന്തരീക്ഷം എന്ന് കേട്ടിട്ടില്ലേ? എന്താണത്? ഗുരുത്വാകർഷണം നിമിത്തം ഭൂമിക്കു ചുറ്റിലും രൂപപ്പെട്ടുവന്നിട്ടുള്ള വാതക ആവരണമാണ് അന്തരീക്ഷം. ചൂടും തണുപ്പും ക്രമീകരിച്ചും മഴ സാധ്യമാക്കിയും സൂര്യപ്രകാശത്തിലെ ദോഷകരമായ വികിരണങ്ങളെ അകറ്റിയും ജീവയോഗ്യമായ പരിസ്ഥിതി ഭൂമിക്ക് പ്രദാനം ചെയ്യുന്നത് അന്തരീക്ഷമാണ്.

അന്തരീക്ഷത്തിന് ഭാരമുണ്ടല്ലോ. ഈ ഭാരത്തിന്റെ ഏറെക്കുറെ 99 ശതമാനവും ഭൂമിയിൽനിന്ന് 100 കി.മീ. ഉയരത്തിലാണ്. പാളി രൂപത്തിലാണ് ഇതിന്റെ ഘടന. ആ പാളികളെ 5 ആയി തിരിച്ചിട്ടുണ്ട്. അതിലൊന്ന് സ്ട്രാറ്റോസ്ഫിയർ. ഈ സ്ട്രാറ്റോസ്ഫിയറിലാണ് ഓസോൺ. അതായത് ഭൂമിയിൽ നിന്ന് 15 മുതൽ 30 കി.മീ. വരെയുള്ള ഭാഗത്ത്. ജീവലോകത്തിന് ദോഷകരമായ അൾട്രാവയലറ്റ് രശ്മികളെ ആഗിരണം ചെയ്യാൻ ഓസോണിനാവും. ഇതിന് വിള്ളൽ സംഭവിച്ചാൽ ഭൂമിയുടെ പ്രതലത്തിലെത്തുന്ന അൾട്രാവയലറ്റ് കിരണങ്ങളുടെ തോത് കൂടും. അത് ഭൂമിയിലെ ജീവജാലങ്ങൾക്ക് ഒരുപാട് ദോഷങ്ങൾ ഉണ്ടാക്കും. എന്തൊക്കെയാണവ? വായിച്ചും ചോദിച്ചറിഞ്ഞും ഇതിനെക്കുറിച്ച് എത്രമാത്രം നിങ്ങൾക്ക് കണ്ടെത്താനാവും. ഇതാവട്ടെ നിങ്ങളുടെ ഓസോൺദിന പ്രവർത്തനം.

# ഓസേ
# കാത്തുസൂക

## ആകാശം

# ക്ഷീരപഥം പുതിയ വാർത്ത



നക്ഷത്രസമൂഹമായ ക്ഷീരപഥത്തെക്കുറിച്ച് ജ്യോതിശ്ശാസ്ത്രജ്ഞരുടെ ഏറ്റവും പുതിയ കണ്ടെത്തൽ വന്നിരിക്കുന്നു.

ക്ഷീരപഥം പരന്നല്ല കിടക്കുന്നത് എന്നാണ് പുതിയ വാർത്ത. അത് കെട്ടുപിണഞ്ഞതും തമ്മിൽ തമ്മിൽ പിണഞ്ഞതുമാണ്.

വാഴ്സാ യൂണിവേഴ്സിറ്റിയിലെ ഗവേഷകരാണ് ക്ഷീര പ ഥത്തിന്റെ '3 ഡി മാപ്പ് ' പുറത്തുവിട്ടത്. കേ
നകോടി വർഷ
ൾക്ക് മുമ്പ് മറ്റ ന
ത്രസമൂഹങ്ങളുമാ
ഉണ്ടായ ഉരസലുക
ഫലമായാണ് ക
പഥം വളഞ്ഞുപുള
തായതത്രെ.



ചൂട്

## നഗരങ്ങൾ ചുട്ടുപൊള്ളുന്നു

ഭൂമി ചുട്ടുപൊള്ളുകയാണ്. പത്തുവർഷത്തിനിടയിൽ ഏറ്റവും ഉയർന്ന താപനിലയാണ് ജൂലൈ മാസത്തിൽ ലോകമെമ്പാടും അനുഭവപ്പെട്ടതെന്ന് ലോക വാർത്താമാധ്യമമായ ബി.ബി.സി. ഭൂഗോളത്തിൽ കാലാവസ്ഥ അടയാളപ്പെടുത്തിയ ആനിമേഷനുമായാണ് അവർ രംഗത്തെത്തിയത്.

ലോകത്തിലെ 1000 നഗരങ്ങളിലെ കാലാവസ്ഥയുടെ വിവരങ്ങളും അവരുടെ വെബ്സൈറ്റിലുണ്ട്. ഇതിൽ കൂടിയ ചൂട് രേഖപ്പെടുത്തിയ ചുവപ്പ് നിറത്തിലാണ് കേരളത്തെയും തമിഴ്നാടിനെയും ഉൾപ്പെടുത്തിയിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം തടയാനും കാർബൺ നിയന്ത്രണത്തിനും വേണ്ട നടപടിയെടുത്തില്ലെങ്കിൽ 2050 ആവുമ്പോഴേക്കും ലോകം ചുട്ടുപൊള്ളുമെന്നുള്ള മുന്നറിയിപ്പുണ്ട്.

സമ്മാനച്ചോദ്യം

## എഴുതൂ..

ഓസോൺപാളിയുടെ വിള്ളൽമൂലം എന്തെല്ലാം ദോഷങ്ങളാണുണ്ടാവുക? ഓസോൺപാളി സംരക്ഷിക്കാൻ എന്തെല്ലാം ചെയ്യാനാവും? നിങ്ങളുടെ ഉത്തരങ്ങൾ എത്ര വലുതായാലും എത്ര ചെറുതായാലും യുറീക്കയെ അറിയിക്കൂ. മികച്ച കണ്ടെത്തലുകൾക്ക് സമ്മാനം. മികച്ചവ പ്രസിദ്ധീകരിക്കുകയും ചെയ്യും. ലഭിക്കേണ്ട അവസാന തീയതി 2019 സെപ്റ്റംബർ 30.
വിലാസം: സമ്മാനച്ചോദ്യം, യുറീക്ക, ചാലപ്പുറം, കോഴിക്കോട് 673002

# ...ാണിനെ ...ക്ഷിക്കുക...

...ാടാ ...ങ്ങ ...ക്ഷ ...ായി ...ളുടെ ...ഷീര ...ത്ത

വന്യജീവി

## കടുവാസർവേ! കിടിലൻ സർവേ!

2018 ലും 19 ലുമായി ഒരു സർവേ നടന്നു. വെറും സർവേയല്ല കടുവാ സർവേ... വിപുലമായതായിരുന്നു ഇത്. വനം വകുപ്പിലെ 44,000 ഫീൽഡ് ജീവനക്കാരും വിദഗ്ധരും ഗവേഷകരും പങ്കെടുത്ത സർവേ. ഇന്ത്യയിലെ ഈ കടുവാ കണക്കെടുപ്പ് ലോക റെക്കോർഡാണത്രെ. ലോകത്ത് ഇന്നേവരെ നടന്നതിൽവച്ച് ഏറ്റവും വലിയ വന്യജീവി സർവേ! 'ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റിക്കോഡ്സി'ന് ദേശീയ കടുവാ സംരക്ഷണ അഥോറിറ്റി അപേക്ഷ നൽകിയിട്ടുണ്ടത്രെ!

കാടുകളിൽനിന്നും ലഭിക്കുന്ന പ്രാഥമിക വിവരങ്ങൾ 'എം – സ്ട്രൈപ്പ്സ്' എന്ന പ്രത്യേക മൊബൈൽ ആപ്പിൽ രേഖപ്പെടുത്തിയായിരുന്നു സർവേ.



വീണ്ടുമൊരു പ്രളയം. അനേകായിരം മനുഷ്യരെ അത് ബാധിച്ചു. വിലപ്പെട്ട നിരവധി ജീവനുകൾ നഷ്ടപ്പെട്ടു. ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ മനുഷ്യസ്നേഹികളായവരെല്ലാം കൈകോർത്തു എന്നത് സന്തോഷകരമാണ്. അക്കൂട്ടത്തിൽ ഒട്ടേറെ കുഞ്ഞുകൈകളുമുണ്ടായിരുന്നു; നിഷ്കളങ്കതയുടെ പ്രതീകങ്ങൾ. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്കുവഹിച്ച ഏതാനും കുട്ടികളെ പരിചയപ്പെട്ടു. ഇവിടെ ചേർക്കാൻ കഴിയാതെ പോയവർ നിരവധിയുണ്ടാവും. ഇവ ഏതാനും മാതൃകകളായി മാത്രം കണ്ടാൽ മതി. ദുരിതബാധിതരെ സഹായിക്കാൻ നിങ്ങൾ ചെയ്ത കാര്യങ്ങൾ യുറീക്കയെ അറിയിക്കൂ. തെരഞ്ഞെടുത്തവ പ്രസിദ്ധീകരിക്കാം.

# പ്രളയനാളുകളിലെ കുഞ്ഞുമാതൃകകൾ

ഓണം എന്നു കേൾക്കുമ്പോൾ കൊച്ചു കുട്ടികളുടെ മനസ്സിൽ ആദ്യം തെളിഞ്ഞു വരുന്നത് ഓണക്കോടിയായിരിക്കും. കൊല്ലം പത്തനാപുരം ഗാന്ധിഭവനിലെ അന്തേവാസികളായ കുട്ടികളും ഇങ്ങനെ തന്നെ കൊതിച്ചു. പക്ഷേ, ഓണമെത്തുന്നതിന് മുമ്പ് പെരുമഴയും പ്രളയവുമെത്തി. പ്രളയവും ഉരുൾപൊട്ടലും പല പ്രദേശങ്ങളിലുമുള്ള ഒട്ടനേകം പേരുടെ ഓണസ്വപ്നങ്ങളൊന്നാകെ കവർന്നെടുത്തു കൊണ്ടു



*ഓണക്കോടി വാങ്ങാൻ സ്വരൂപിച്ച കുടുക്കകൾ മുഖ്യമന്ത്രിക്ക് കൈമാറുന്നു*

പോയി. പത്രത്തിലും ടി.വിയിലുമൊക്കെ കണ്ട ദുരന്ത ചിത്രങ്ങൾ ഗാന്ധിഭവനിലെ കുട്ടികളുടേയും മനസ്സുലച്ചു. ഒട്ടേറെപ്പേർ ഉറ്റവരും കിടപ്പാടവും നഷ്ടപ്പെട്ട് തേങ്ങുമ്പോൾ എന്ത് ഓണം; എന്ത് ഓണക്കോടി. അവർ അവരുടെ സമ്പാദ്യത്തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഏൽപ്പിച്ചു. നിറമനസ്സോടെ.. അവരെക്കുറിച്ച് മുഖ്യമന്ത്രി പറയുന്നതു നോക്കൂ..

"കഴിഞ്ഞ ഓണത്തിന് ശേഷം വിഷുക്കൈനീട്ടമായും, ജന്മദിനത്തിലും മറ്റ് വിശേഷാവസരങ്ങളിലും സമ്മാനമായി ലഭിച്ചതുമെല്ലാം കൂട്ടിവെച്ച സമ്പാദ്യമാണ് ഇരുപത്തിയഞ്ചു കുരുന്നുകൾ കൈമാറിയത്. പൈസ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ഏൽപ്പിക്കാം എന്ന് കുട്ടികൾ തന്നെയാണ് അധികൃതരോട് പറഞ്ഞത്. പ്രളയക്കെടുതിയിൽ എല്ലാം നഷ്ടമായ കുഞ്ഞുങ്ങളടക്കമുള്ളവരുടെ വേദന മനസ്സിലാക്കിയ കുരുന്ന മനസ്സുകളെ എത്ര പ്രകീർത്തിച്ചാലും അധികമല്ല.

ഈ കുരുന്നു മക്കളുടെ സ്നേഹത്തെയും കരുണയെയും ത്യാഗത്തെയും എങ്ങനെയാണ് അളക്കുക? വീട്ടുകാരാൽ ഉപേക്ഷിക്കപ്പെട്ടവരും മാനസികനില തെറ്റിയവരുമൊക്കെയായി സമൂഹത്തിലെ മുഖ്യധാരയിൽ നിന്ന് ഒറ്റപ്പെട്ട് കഴിയുന്ന ഈ കുട്ടികളുടെ നല്ല മനസ്സിനെ എന്തിനോടാണുപമിക്കുക?"

അതെ.. ഇവരുടെ നന്മയെ വിവരിക്കാൻ നമുക്കു വാക്കുകളില്ല. ആശാൻ പാടിയതുപോലെ, ഇവിടെ ഭാഷ അപൂർണമായിപ്പോവുന്നു. ഏതായാലും ഈ ഓണത്തിന് മുഖ്യമന്ത്രി നൽകുന്ന ഓണക്കോടിയാവും അവർ അണിയുക. ഓണക്കോടിയൊന്നും അവരുടെ സ്നേഹത്തിനു പകരമാകില്ല എന്ന

ദ്ദേഹം പറയുകയും ചെയ്യുന്നു.

പെരുമഴയിൽ കുതിർന്നു പോയ ഒട്ടേറെ ജീവിതങ്ങൾ വീണ്ടെടുക്കാൻ ഊണും ഉറക്കവുമുപേക്ഷിച്ച് കഠിനപ്രയത്നം ചെയ്യുന്ന ആയിരക്കണക്കിനാളുകൾ.. ഈ സമയത്ത് ഞങ്ങൾക്ക് കാഴ്ചക്കാരായി നിൽക്കാനാവില്ല എന്നു തെളിയിക്കുകയാണ് ഗാന്ധിഭവനിലെ കുട്ടികൾ. ഇവരെപ്പോലെ ദുരിതബാധിതരുടെ കണ്ണീരൊപ്പാൻ മുന്നിട്ടിറങ്ങിയ കുട്ടികൾ വേറെയുമുണ്ട്.

വടക്കാഞ്ചേരി ഗവ: എൽ.പി.സ്കൂളിലെ ഒന്നാം ക്ലാസ്സുകാരനായ അമൻ ഷസിയ അജയ് എന്ന അക്കു ഇരുപത്തി നാലായിരത്തി അഞ്ഞൂറ് രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയത്. അമ്മയോ അച്ഛനോ നൽകിയ പണമല്ല; അക്കുവിന്റെ അധ്വാന ഫലം. എങ്ങനെയെന്നോ? അക്കു ചിത്രം വരച്ചു. 'അക്കു ചക്കുകഥകൾ' എന്ന ഫേസ്ബുക്ക് പേജിൽ വിൽപ്പനയ്ക്കു വെച്ചു. ഒരു ചിത്രത്തിന് രണ്ടായിരം രൂപ വിലയും നിശ്ചയിച്ചു. പണം അക്കുവിന് വേണ്ട.



അക്കുവും പെയിന്റിങ്ങും

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലിട്ടാൽ മതി. പണമടച്ച രസീതിന്റെ സ്ക്രീൻ ഷോട്ട് അയച്ചുകൊടുത്താൽ ഇഷ്ടപ്പെട്ട ചിത്രം തപാൽ വഴി എത്തിക്കും. എപ്പടി? ഈ ഒന്നാം ക്ലാസ്സുകാരന്റെ നന്മമനസ്സിനെ നമിക്കാം.

ഓമല്ലൂർ പന്ന്യാലി യു പി എസ്സി ലെ




*പന്ന്യാലി യു പി സ്കൂളിലെ കൂട്ടുകാർ ദുരിതാശ്വാസനിധിയിലേക്ക് പണമടച്ച രശീതുമായി*

മുഴുവൻ കുട്ടികളുടേയും ചിരി നോക്കൂ.. ഈ സ്കൂളിലെ മുഴുവൻ കുട്ടികളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഓൺലൈനായി സംഭാവന ചെയ്ത് സർട്ടിഫിക്കറ്റ് കൈപ്പറ്റിയിരിക്കുന്നു. പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയുള്ള 103 കുട്ടികളും വ്യക്തിഗതമായി 100 രൂപയിൽ കുറയാത്ത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകി. മറ്റാരുടേയും സഹായമില്ലാതെ ഓൺലൈനിലൂടെ പണമടച്ച കുട്ടികളും ഇക്കൂട്ടത്തിലുണ്ട്. അതെ.. ഈ സ്കൂളിലെ മുഴുവൻ കുട്ടികളും തലയുയർത്തിപ്പിടിച്ച് നിൽക്കുകയാണ്. വിദ്യാഭ്യാസ മന്ത്രി പറഞ്ഞതു പോലെ, കാലമേറെ കഴിഞ്ഞാലും ഓർമയിൽ സൂക്ഷിക്കാനൊരു കാരുണ്യപത്രവുമായി!

ഇനിയുമേറെപ്പേരുണ്ട്. ദുരന്തത്തിനു ശേഷം കൽപ്പറ്റയിൽ നടത്തിയ ശുചീകരണ യജ്ഞത്തിൽ പങ്കാളിയായ മൂന്നു വയസ്സുകാരൻ ഇർഫാൻ മുതൽ പേരറിയുന്നവരും അറിയാത്തവരുമായി പലർ.. കഴിഞ്ഞ വർഷവും ഒട്ടേറെക്കുട്ടികൾ പ്രളയക്കെടുതിയിൽപ്പെട്ടവരെ സഹായിക്കാൻ മുന്നോട്ടു വന്നിട്ടുണ്ട്. ആ വാർത്തകളൊക്കെയും ഈ കുട്ടികൾക്ക് പ്രചോദനമായിട്ടുണ്ടാവാം. ഏതായാലും ഒരു കാര്യം ഉറപ്പ്. കെട്ടു പോയിട്ടില്ല നമ്മുടെ നാട്.. ദുരിതക്കയത്തിൽ മുങ്ങിത്താഴുന്നവർക്ക് കൈത്താങ്ങായി ഞങ്ങളുണ്ട് എന്ന് നമ്മുടെ കുഞ്ഞുങ്ങൾ ഉറക്കെ തെളിയിച്ചുകൊണ്ടിരിക്കുമ്പോൾ എന്തിനു ഭയക്കണം!

'ഒരു ഞരമ്പിപ്പൊഴും പച്ചയായുണ്ട്.' എന്ന് കവി സച്ചിദാനന്ദനോടൊപ്പം നമുക്കും പാടാം.

ആസ്വാദനം



## വാക്കിലും മനസ്സിലും രസമുണ്ടാവണം

വളരെ സ്വാഭാവികമായ ഒരു തുടങ്ങലും അത്ര തന്നെ സ്വാഭാവികമായ ഒരു അവസാനിപ്പിക്കലും കഥയ്ക്ക് നൽകുന്ന ചന്തം ചെറുതൊന്നുമല്ല. മിത്രയുടെ കഥയുടെ തിളക്കം അതാണ്. കള്ളം പറയലിനെക്കുറിച്ച മാത്രമല്ല, ഈ നുണക്കഥ. തുടക്കത്തിനും ഒടുക്കത്തിനും ഇടയിൽ മഴ, മടി, തല്ല്, നുണ, എന്നിങ്ങനെ കഥയിലെ ഒരു പാട് കഥകൾ ചേർക്കുന്നുണ്ട് മിത്ര. സ്വാഭാവികമായി തന്നെ.

ടീച്ചർ ഉപദേശം നിർത്തി പഠിപ്പിക്കാൻ തുടങ്ങി എന്നിടത്ത് പുതിയ കഥാവിഷയം വരുന്നു. നമ്മുടെ ഉള്ളിൽ പുതിയ കഥയുണ്ടാവുന്നു.

ഈ സത്യസന്ധത ആയിഷ സുൾഫിക്കറിന്റെ രചനയിലുമുണ്ട്. കുഞ്ഞുമനസ്സിലേക്ക് പാളി നോക്കി അതൊപ്പിയെടുക്കാൻ ശ്രമിക്കയാണ് ആയിഷ.

തിരുത്തലുകൾ വേണ്ടിവന്ന രചനകളാണ് മണൽത്തരി, പ്രതീക്ഷകൾ എന്നിവ. ആതിരയ്ക്ക് പറയാൻ വിഷയമുണ്ട്. പക്ഷേ, സർഗാത്മകമായി ആവിഷ്ക്കരിക്കാൻ ബുദ്ധിമുട്ടുന്നു. വിത്തു പാകി, മുളയെടുത്തു. ഇല വിടർന്ന ഉടനെ നമ്മൾ കൊയ്താലോ? പാകമാവും മുമ്പെ വിളവെടുത്തതിന്റെ പാകപ്പിഴയുണ്ട് അരവിന്ദിന്റെ കവിതയ്ക്ക്. കവിത മനസ്സിൽ തിക്കുമുട്ടുമ്പോൾ മാത്രം എഴുതുക.

സന്ദർഭത്തിനനുസരിച്ച് ആവശ്യമുള്ള വാക്കുകൾ മാത്രം ഉപയോഗിക്കണം എഴുതുന്നവർ, കഥയായാലും കവിതയായാലും. എഴുതിയ വാക്കിനു പകരം മറ്റൊരു വാക്ക് പറ്റാത്ത വിധം ഉചിതമാവണം നമ്മളെഴുതുന്ന വാക്ക്.

**സഹചാരി**



## പ്രതീക്ഷകൾ


**അരവിന്ദ്**

3 എ, ജി എച്ച് എസ് എസ്,
കാരാക്കുറിശ്ശി, പാലക്കാട്.



കാത്തിരുന്നാണ് എനിക്ക്
ആ പുസ്തകം കിട്ടിയത്
കാത്തിരിപ്പിനെക്കുറിച്ചുള്ള പുസ്തകം.
വായിച്ചപ്പോൾ പ്രതീക്ഷ നിറഞ്ഞ
കാത്തിരിപ്പിലേക്ക് ഞാൻ ആഴ്ന്നു പോയി.
എന്നിലുമുണ്ട് ചില പ്രതീക്ഷകൾ എന്ന്
ഞാനപ്പോൾ അറിയുകയായിരുന്നു.

ചിത്രീകരണം: **പ്രീതു കൃഷ്ണ,** 7 ബി, ജി എച്ച് എസ് എസ്, കാരാക്കുറിശ്ശി, പാലക്കാട്.

# മണൽത്തരി

**ആതിര,** പൂർണിമ, വെള്ളാരം പാറ വീട്, കാറൽമണ്ണ, ചെർപ്പുളശ്ശേരി, പാലക്കാട് 679506

പാറക്കെട്ടിൽ നിന്ന് അടർന്നുവീണാണ്
മലവെള്ളപ്പാച്ചിലിൽ എത്തിയത്.
മലവെള്ളത്തിന്റെ കുത്തിയൊഴുക്കിൽ
ചെറു ചെറു കല്ലുകളായി, പുഴയിൽ.
പുഴ കുതിച്ചു, കടലിലേക്ക്,
ഒപ്പം കൽപ്പൊടിയായി, ഞാൻ പാറയും.
കടലിലെ വൻതിര ഒടുവിൽ
എന്നിലെ അവസാന തരിയെ ചേർത്തു
മണലിനൊപ്പം.



ചിത്രീകരണം: **പ്രീതു കൃഷ്ണ**

# കരച്ചിൽ നിന്നു

**ആയിഷ സുൾഫിക്കർ ആലങ്കോട്,** 6 B, ശ്രീ സേതു പാർവതിബായി ഹയർ സെക്കന്ററി സ്കൂൾ, കടയ്ക്കാവൂർ, തിരുവനന്തപുരം 695309



ചിത്രീകരണം: **പ്രീതു കൃഷ്ണ**

കുട്ടി രാവിലെ എഴുന്നേറ്റു.
അമ്മയെ കാണാൻ പോയപ്പോൾ
കുട്ടി സൂര്യനെ കണ്ടു.
നിനക്ക് എന്തിനാണ് ഇത്ര ചൂട്?
കുട്ടി സൂര്യനോട് ചോദിച്ചു
സൂര്യൻ ഒന്നും മിണ്ടിയില്ല
കുട്ടി പിണങ്ങി, കരഞ്ഞ്,
അകത്തേക്ക് ഓടി.
അമ്മയെ കണ്ടില്ല.
കരഞ്ഞു കൊണ്ടു തന്നെ
കുട്ടി പുറത്തിറങ്ങി
കുട്ടി സൂര്യനെ നോക്കി
സൂര്യൻ കരയുന്നതു പോലെ
കുട്ടിക്ക് തോന്നി.
കരയണ്ട, കേട്ടോ
കുട്ടി മെല്ലെ ചിരിച്ചു.

# നുണ ഒരു നിസ്സാര കാര്യമല്ലാ..ട്ടോ.!

മിത്ര മഹേന്ദർ, 3 A, പി കെ എം എ യു പി സ്കൂൾ, ചിറ്റിലഞ്ചേരി, പാലക്കാട് 678704



ചിത്രീകരണം: **പ്രീതു കൃഷ്ണ**

രാവിലെ നല്ല മഴയായിരുന്നു. സ്കൂള് തുടങ്ങേണ്ട മണിയടിച്ചു. ഒറ്റക്കുട്ടി പോലും വന്നതേയില്ല. കുറച്ചു നേരം കഴിഞ്ഞപ്പോൾ നനഞ്ഞു കുളിച്ച് തണുത്തു വിറച്ച് ക്ലാസ്സിലെ അശ്വതി വന്നു.

എന്താ അശ്വതീ, കുട എവിടെ?

ടീച്ചർ തിരക്കി.

കുട കാറ്റത്തു പറന്നു പോയി ടീച്ചർ!

അപ്പോഴേക്കും കുട്ടികൾ പലരും വന്നു തുടങ്ങി.

മഴ കഴിഞ്ഞിട്ട് വന്നാൽ പോരായിരുന്നോ?

ടീച്ചർ ചിരിച്ചു കൊണ്ട് ചോദിച്ചു.

അത് ടീച്ചർ... അതു പിന്നെ...

അശ്വതി തപ്പിത്തടഞ്ഞു.

അവൾ അമ്മയോട് ചോദിച്ചിരുന്നു. മഴ കഴിഞ്ഞിട്ട് പോയാൽ പോരേന്ന്. വരാൻ മടിപിടിച്ച് അച്ഛന്റെ കയ്യിൽ നിന്ന് തല്ലു വാങ്ങിയ കാര്യം പറയാൻ അവൾ മടിച്ചു.

നിൽക്കാൻ ഇടം കിട്ടീല്യാ, ടീച്ചർ!

അശ്വതി പറയുന്നത് കേട്ട് ടീച്ചർക്ക് ചിരി വന്നു. അപ്പോഴേക്കും അശ്വതിയുടെ ചേട്ടൻ അശ്വജിത്ത് പറഞ്ഞു.

അല്ല, ടീച്ചറെ, അശ്വതി നുണ പറയ്വാ... രാവിലെ അച്ഛന്റെ കയ്യിൽ നിന്ന് തല്ല് വാങ്ങിയിരുന്നു. പെരും കള്ളിയാ ഇവള്...

അശ്വജിത്ത് ചിരിയോടെ അശ്വതിയെ നോക്കി. അശ്വതി ഭയത്തോടെ ടീച്ചറെ നോക്കി.

നേരാണോ?

ടീച്ചർ ചോദിച്ചു.

അശ്വതി ഒന്നും പറയാതെ നാണംകെട്ട് ബെഞ്ചിൽ ഇരുന്നു.

നുണ നിസ്സാര കാര്യമല്ലാ, ട്ടോ...

ടീച്ചർ പറഞ്ഞു.

അതിലെന്താ ഇത്ര മടിക്കാൻ? പറഞ്ഞാൽ പോരേ?

അശ്വതിക്ക് കാര്യം മനസ്സിലായി. ടീച്ചർ ഉപദേശം നിർത്തി. പഠിപ്പിക്കാൻ തുടങ്ങി.

ഓർമ യുറീക്ക@50

യുറീക്ക പ്രസിദ്ധീകരണത്തിന്റെ അമ്പതാം വർഷത്തിലേക്ക് പ്രവേശിച്ചു. പിന്നിട്ട വർഷങ്ങളിലെ ചില മികച്ച രചനകൾ വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ് ഈ സന്തോഷവേളയിൽ. 1988 ഏപ്രിൽ ലക്കത്തിലെ ഒരു രചനയാണ് ഈ ലക്കത്തിൽ.

# തലമുടി തലപൊക്കുന്നു

**മാജിക്കു കാണിച്ചു കുട്ടികളെ രസിപ്പിക്കുന്ന ഒരു അമ്മാവന്റെ കഥ കേൾക്കൂ. അദ്ദേഹത്തിന്റെ മാജിക്കുകളുടെ പുറകിലുള്ള ശാസ്ത്രം കൂടി ഇതിനിടെ പഠിക്കാം. എത്ര രസകരമാണ് ശാസ്ത്രമെന്ന് അപ്പോൾ കൂട്ടുകാർക്കു മനസ്സിലാകും. കൂട്ടുകാർക്കു തനിയെ ചെയ്യാവുന്ന ചില മാജിക്കുകളും കഥയുടെ അവസാനം ഉണ്ട് കേട്ടോ.**


**എസ്.എസ്.**

ചിത്രീകരണം: കെ.സതീഷ്

തലമുടികൾ തല പൊക്കുന്നു. എഴുന്നേറ്റു നിൽക്കുന്നു. അതു കാണുന്ന കുട്ടികൾ അത്ഭുതപ്പെട്ടു വാ പൊളിക്കുന്നു. പിന്നെ തലമുടിയെ ഉണർത്തിയ കുട്ടിച്ചാത്തനാരാണ് എന്ന് ആ മാജിക് കാണിക്കുന്ന അമ്മാവൻ പറഞ്ഞു കൊടുക്കുമ്പോൾ അവർ ആഹ്ലാദിക്കുന്നു. രസിക്കുന്നു.

ഈ മാജിക് കാണിക്കുന്ന ഡോ. ജോസഫ് ഹാമിൽട്ടൺ ടെന്നിസിയിലൊരു യൂണിവേഴ്സിറ്റിയിലാണ് പഠിപ്പിക്കുന്നത്.

തലമുടിയെ ഉണർത്തിയ കുട്ടിച്ചാത്തനോ വൈദ്യുതിയും!




### തലമുടികൾ തലപൊക്കുന്ന വിദ്യ

ഡോ.ഹാമിൽടൺ ഒരു ഇലക്ട്രോസ്റ്റാറ്റിക് ജനറേറ്റർ പ്രവർത്തിപ്പിക്കുന്നു. അപ്പോൾ അത് ആറ്റങ്ങളിലെ ധന, ഋണ ചാർജുകളെ വേർതിരിക്കുന്നു. ഋണചാർജുകൾ ജനറേറ്ററിന്റെ ഗോളത്തിൽ ശേഖരിക്കപ്പെടുന്നു. അതിനടുത്ത് ഒരു പ്ലാസ്റ്റിക് ഷീറ്റിന്മേൽ അദ്ദേഹത്തിന്റെ ഒമ്പതു വയസ്സുകാരൻ മകൻ ക്രിസ് നിൽക്കുന്നു. ഗോളത്തിൽ പിടിച്ചുകൊണ്ടാണ് നിൽപ്. ഋണചാർജ് ക്രിസിന്റെ ശരീരത്തിലേക്കു പ്രവഹിക്കുന്നു. തലമുടിയിലുമെത്തുന്നു. ഒരേ ചാർജ് തമ്മിൽ വികർഷിക്കുമല്ലോ. തലമുടികളിലെല്ലാം ഋണചാർജുകൾ ശേഖരിക്കപ്പെടുന്നു. അതിനാൽ തലമുടികൾ വികർഷിക്കുന്നു. അകന്നു മാറാൻ ശ്രമിക്കുന്നു. അതാണവ ഉയർന്നു അകന്നുമാറി നിൽക്കുന്നത്. തലമുടികൾ ഉണരുന്നതാ

യും തലപൊക്കുന്നതായും കാണുന്ന കൂട്ടുകാർ രസിക്കുന്നു. ചിരിക്കുന്നു. തലപൊക്കി നിൽക്കുന്ന മുടികളെ അവർ അത്ഭുതത്തോടെ കാണുന്നു.


ക്രിസ് നിലത്തു തൊട്ടല്ലല്ലോ നിൽക്കുന്നത്. പ്ലാസ്റ്റിക് ഷീറ്റ് ഒരു 'ഇൻസുലേറ്റർ' ആണ്. വൈദ്യുതി കടത്തിവിടില്ല. അതിനാൽ ക്രിസിന് ഈ വൈദ്യുതികൊണ്ട് അപകടമുണ്ടാകുന്നില്ല.

## പൊട്ടിത്തെറിക്കുന്ന റബ്ബർപന്ത്!

ഡോ.ഹാമിൽട്ടണ് ഇങ്ങനെ പല വിദ്യകളുമുണ്ട് കൈയിൽ. അദ്ദേഹം ഒരു റബ്ബർപന്തെടുത്ത് ദ്രാവക നൈട്രജനിൽ മുക്കുന്നു. നൈട്രജൻ വായുവിലുള്ള ഒരു വാതകമാണ്. അതിനെ ദ്രാവകമാക്കണമെങ്കിൽ തണുപ്പിക്കണം. −165$^0$C ലാണ് നൈട്രജൻ ദ്രാവകമാവുക. അതായത് വെള്ളം ഐസാകുന്ന 0$^0$C ൽ നിന്നും 165$^0$ കൂടി താഴെവരെ തണുപ്പിക്കണം. അത്ര താഴ്ന്ന താപനിലയിലാണ് ദ്രാവക നൈട്രജൻ നിൽക്കുന്നത്. അതിലിട്ട റബ്ബർപന്ത് ഡോ.ഹാമിൽട്ടൺ പുറത്തെടുക്കുന്നു. നേരെ അങ്ങെടുത്താൽ അദ്ദേഹത്തിന്റെ കൈ മരവിച്ചുചാകും. അതിനാൽ പ്രത്യേകമായുണ്ടാക്കിയിരിക്കുന്ന ഒരു കൈയുറ ഇട്ടിട്ടാണീ വിദ്യ കാണിക്കുക. പന്ത് പുറത്തെടുത്ത് നിലത്തേക്കെറിയുന്നു. അത് ഗ്ലാസുപോലെ പൊട്ടിച്ചിതറുന്നു.

കണ്ടോ റബ്ബർ തണുത്ത് വളരെ താഴ്ന്ന താപനിലയിലായാൽ അതിന്റെ റബ്ബർ സ്വഭാവം പോകും. എന്നു പറഞ്ഞാലെന്താ അർത്ഥം? പല വസ്തുക്കളുടെയും സ്വഭാവത്തിന് താപനില മാറ്റം വരുത്തുമെന്നല്ലേ? ഇതു പഠിപ്പിക്കാനാണ് ഡോക്ടർ ഈ രസകരമായ മാജിക് കാണിക്കുന്നത്.

കൂട്ടുകാർക്ക് ഡോക്ടറുടെയടുത്തു പോകാൻ കൊതി തോന്നുന്നോ? അതിനു പറ്റില്ലല്ലോ. പകരം ഇതാ രണ്ടു മൂന്നു വിദ്യകൾ. തനിയെ ചെയ്തു രസിച്ചോളൂ.




## ചാട്ടുന്ന കടലാസ് കഷണങ്ങൾ

ഒരു പ്ലാസ്റ്റിക് ചീപ്പ് കൈയിലെടുക്കൂ. നന്നായി തല ചീകൂ. ഒരു കാര്യം. തലമുടിയിൽ എണ്ണമയം കാണരുത്. തല നന്നായി സോപ്പിട്ടു കഴുകി ഉണക്കിയാൽ മതി.

തല വെയിലത്തുവച്ച് ഉണക്കണ മെന്നില്ല! കഴുകി തലമുടി വിടർത്തി ട്ടാൽ താനേ ഉണങ്ങും. വെള്ളമയം തലമുടിയിൽ കാണരുത്. ഇത്തരം തലമുടിയിൽ വേണം ചീകാൻ. വെറുതെ ചീകിയാൽ പോര. വേ ഗത്തിൽ തലമുടിയിലൂടെ ചീപ്പ് ഓടിക്കണം. ഉരക്കണം. ചീകിയാലും മതി. ഇങ്ങനെ പല പ്രാവശ്യം ചെയ്യണം. എന്നിട്ടീ ചീപ്പ്, ചെറുക ടലാസ് കഷണങ്ങൾക്കു മുകളിൽ പിടിക്കുക. കടലാസ് കഷണങ്ങൾ നേരത്തേ തന്നെ കീറി മേശപ്പുറ ത്തിട്ടിരിക്കണം. അതിന് മുകളിൽ മേശപ്പുറത്തിന് സമാന്തരമായി ചീപ്പ് പിടിക്കുക. കുത്തനെ പിടിക്കേ ണ്ട! കണ്ടോ കളി! കടലാസ് കഷ്ണ ങ്ങൾ ചാടി ചീപ്പിൽ പിടിക്കുന്നു!



### ചാടുന്ന കുരുമുളകുപൊടി

ഉണങ്ങിയിരിക്കുന്ന, ന ന്നായി പൊടിഞ്ഞിരിക്കുന്ന കുരുമുളകുപൊടിയും ഉപ്പുപൊടിയും ഒരു കടലാസിൽ വിതറുക. എന്നി ട്ട് നേരത്തെ വിവരിച്ചപ്രകാരം തലയിലുരച്ച ചീപ്പ് അതിനു മുകളിൽ കൊണ്ടുവരുക. കുരുമുളകുതരികൾ ചാടി ചീപ്പിൽ പിടിക്കും. ഉപ്പുതരിക ൾ വളരെ കുറവേ ചാടിവരൂ. ഈ വിദ്യ പല പ്രാവശ്യം ഉപയോഗിച്ച് കുരുമുളകുപൊടിയെ മുഴുവൻ ഉപ്പിൽനിന്ന് വേർതിരിക്കാം.

### രഹസ്യം പറയാം

ഈ മാജിക്കിന്റെ രഹസ്യം പറയാം. തലമുടിയിലിട്ട് ഉരയ്ക്കുന്ന ചീപ്പിലേക്ക് തലമുടി യിൽ നിന്നും ഋണചാർജ് പ്രവഹിക്കുന്നു. അഥവാ ചാടുന്നു.

ഇങ്ങനെ ഋണചാർജ് വഹിക്കുന്ന ചീപ്പാണ് കൊച്ചുകടലാസ് കഷണങ്ങൾക്കു മുകളിൽ പിടിക്കുന്നത്. അഥവാ കുരുമുളകുപൊടിക്കും ഉപ്പിനും മുകളിൽ പിടിക്കുന്നത്. അപ്പോൾ ചീപ്പിലെ ഋണചാർജിനോടുള്ള വികർഷണം മൂലം അവയിലെ ഋണചാർജുകൾ അകന്നു മാറും. ആ തരികളുടെ മറുവശത്തേക്കകന്നു മാറും. ചീപ്പിനെ അഭിമുഖീകരിക്കുന്ന ഭാഗത്ത് അപ്പോൾ ധനചാർജ് കേന്ദ്രീകരിക്കും. ഈ ധന ചാർജുകൾ ചീപ്പിലെ ഋണചാർജുകളു മായി ആകർഷിക്കപ്പെടും. അതാണവ ചാടി ചീപ്പിൽ പിടിക്കുന്നത്.

പക്ഷേ, വളരെ ഭാരം കുറഞ്ഞ തരികൾക്കേ അത്രയേറെ മുകളിലേക്കു കുതിച്ചെത്തി ചീപ്പിൽ പടിക്കാൻ കഴിയൂ. കടലാസ് കഷണങ്ങൾക്കും കുരുമുളകുപൊടിക്കും ഭാരം കുറവായതിനാ ൽ ഉയരാൻ പറ്റും. ഉപ്പുതരികൾ മിക്കതിനും ഭാരം കൂടുതലായതിനാൽ ഉയരാൻ പറ്റില്ല. ഭാരം തീരെ കുറഞ്ഞ ഉപ്പുതരികളും ചാടും. ഭാരം കൂടിയ തരികളിന്മേൽ ഭൂമിയുടെ ആക ർഷണം കൂടുതലായതിനാൽ അവയ്ക്ക് ആ ആകർഷണത്തെ തോൽപ്പിച്ച് ചാടൽ നട ക്കില്ല. ചാർജുകൾ തമ്മിലുള്ള ആകർഷണം അത്രയ്ക്കും വലുതല്ല എന്നർത്ഥം.

എങ്ങനെയുണ്ട് മാജിക്കുകൾ?




എന്റെ തോട്ടത്തിൽ, എന്റെ മരച്ചോട്ടിൽ
എത്രയെത്ര കൂട്ടുകാരുണ്ടെന്നോ എനിക്ക്..!

# ഞാനും കൂട്ടുകാരും

**ഇ എൻ ഷീജ**

ചിത്രീകരണം: കെ.സതീഷ്

**നോക്കൂ... നല്ല ഭംഗിയുള്ള
കുപ്പായമിട്ട ഒരാൾ.. ഓ..ഓ...
അയാൾ തന്നെ.. ഓന്ത്..!**



*"പച്ചിലക്കൂട്ടിലിരുന്നാൽ
പച്ചക്കുപ്പായം
ചുള്ളിക്കമ്പിൽ പറ്റിയിരുന്നാൽ
തവിട്ടു കുപ്പായം.. "*




**കണ്ടില്ലേ..
എന്തോ
വലിയ
തിരക്കിലാണ്
എന്റെ
വണ്ടുകൾ..**

*"മിണ്ടാതങ്ങനെ മൂളി നടക്കും
വണ്ടുകളേ കരിവണ്ടുകളേ..
ചുണ്ടിൽ ചെറുചിരി ചൂടി നടക്കും
വണ്ടുകളേ കരിവണ്ടുകളേ.."*

**എന്റെ പൂമ്പാറ്റക്കൂട്ടുകാരെ
നോക്കൂ.. എന്തു
സന്തോഷത്തിലാണവർ..!!**



*"അപ്പൂവിൽ
കുത്തിമറിഞ്ഞ്
ഇപ്പൂവിൻ
തോളിലിരുന്ന്
അങ്ങേപ്പൂവിൻ
കാതിലിതെന്തോ
കുഞ്ഞിക്കാര്യം
ചൊല്ലിനടക്കും
പൂമ്പാറ്റച്ചങ്ങാതികളേ
പുന്നാരച്ചങ്ങാതികളേ.."*



**വരിവരിയായി പോകുന്നത് ആരാണെന്നു നോക്കിയേ.. ജാഥയായി പോകുകയാണ് എന്റെ കുറുമ്പൻമാർ. നാലു കുറുമ്പൻമാർ..**

***"കട്ടുറുമ്പേ കുഞ്ഞുറുമ്പേ***
***കുറുമ്പുറുമ്പേ ഉറുമ്പുറുമ്പേ.."***



**ദാ.. ആ മാവ് കണ്ടില്ലേ.. മാവിലെ കൂട് കണ്ടില്ലേ.. അതിനുള്ളിലുള്ളവരും എന്റെ കൂട്ടുകാരാണ്. ആരാണെന്നറിയണ്ടേ?**



***"ഇത്രേം വല്യൊരു മാവിൽ***
***ഇത്തിരിപ്പോന്നൊരു കൂട്"***
***നല്ലൊരു പച്ചിലക്കൂട്***
***ഇത്തിരിപ്പോന്നോരു കൂട്ടിൽ***
***പഞ്ഞിക്കെട്ടുകൾ പോലെ***
***കുഞ്ഞിക്കുരുവികളഞ്ച്***
***കുഞ്ഞിക്കൊക്കും നീട്ടി***
***അമ്മ വരുന്നതു കാത്ത്***
***കണ്ണും നീട്ടിയിരിപ്പൂ***
***ഓമൽക്കുരുവികളഞ്ച്. "***

**നിങ്ങൾക്കുമുണ്ടാവും ഇങ്ങനെ ഒരു പാട് കൂട്ടുകാർ.. അവർ ആരൊക്കെയാണെന്ന് ഒന്നു പറഞ്ഞു നോക്കൂ..**
**ആകാശത്തിനു താഴെ**
**ഈ മരത്തിനു കീഴെ**
**എത്രയെത്ര കൂട്ടർ**
**എണ്ണിയെണ്ണിപ്പറയൂ...**



# നല്ല കുട്ടികൾ

**സൈജ എസ്**

ചിത്രീകരണം : കെ പി മുരളീധരൻ




ആണല്ലോ.. എന്നിട്ടെന്തിനാ അമ്മ അതെന്നും എടുത്തു മാറ്റുന്നത്,..
ഞാനോ, ഏയ് ഇല്ല
അടുത്ത ദിവസവും വിച്ചു അലറി.
അമ്മേ
പിന്നേന്ന് അമ്മ ലീവെടുത്തു ആരാണ് ടാർപോളിൻ മാറ്റുന്നത് അറിയണമല്ലോ?
ഉച്ചവരെ ആരും വന്നില്ല..


മൂന്നുമണിക്കതാ ഒരാൾ
മന്ദം മന്ദം വരുന്നു
ചെടികളെ ഇളക്കി
പൂക്കളെ ഇളക്കി..
ടാർപോളിനെ
ആകെ ഇളക്കിമാറ്റി...
അമ്മ പുറകെ ഓടി..
ഹമ്പട കള്ളക്കാറ്റേ
കാറ്റ് പിന്നെ..
ഓടി രക്ഷപ്പെട്ടു.
അങ്ങനെ അമ്മ കാറ്റിനെ പേടിപ്പിക്കാൻ
വലിയൊരു കമ്പ് ടാർപോളിനു
മേലെ വച്ചു..
ഇപ്പോൾ വിച്ചുവിന്
പരിഭവങ്ങൾ ഇല്ല..
അമ്മേന്ന് വിളിച്ച് അലറാറില്ല.
നല്ല കുട്ടിയായി..
കാറ്റും നല്ല കുട്ടിയായി...



നോവൽ–17

# അമ്മമണമുള്ള കനിവുകൾ

ഇ. എൻ. ഷീജ

ചിത്രീകരണം: പ്രശാന്തൻ മുരിങ്ങേരി

## കുറുമ്പിമഴയും കുറുമ്പൻ കാറ്റും



"ഹൊ! എന്തൊരു മഴയാ ഇത്." കനിക്ക് ദേഷ്യം വന്നു. രണ്ടു ദിവസമായി തുടങ്ങിയിട്ട്.. നിർത്താതെ പെയ്യുക തന്നെ. കൂട്ടിനോ, ഒരു ഭയങ്കരൻ കാറ്റും. പുറത്തിറങ്ങാൻ പറ്റുന്നില്ല. സുന്ദരിവാവയെ കാണാനും പറ്റുന്നില്ല. സ്കൂളിനു പോലും അവധി പ്രഖ്യാപിച്ചിരിക്കുന്നു. കനി താടിക്ക് കയ്യും കൊടുത്ത് വരാന്തയിൽ വന്നിരുന്നു.


ഈ പെരുമഴയത്ത് വാവയും അമ്മയും എന്തു ചെയ്യുമോ ആവോ.. വീടിനുള്ളിൽ വാവയെ കൂട്ടിപ്പിടിച്ചിരിക്കുന്നുണ്ടാവും അമ്മ. ഇത്രേം വലിയ കാറ്റിനേയും മഴയേയും കണ്ട് ആ വീടുതന്നെ ചൂളിപ്പിടിച്ചിരിക്കുകയാവും. വീടെന്നു പറയാനാവുമോ അതിനെ? നീലഷീറ്റ് വലിച്ചുകെട്ടിയുണ്ടാക്കിയ ഒരു കൂട്. പാവം വാവ.. തണുത്തു വിറയ്ക്കുന്നുണ്ടാവും. ഈ മഴയ്ക്ക് അതൊക്കെയൊന്ന് ആലോചിച്ചു കൂടെ.. വല്ലാത്തൊരു മഴ.. എന്തൊരു കുറുമ്പാണ്.. കുറുമ്പി മഴ... വീശിയടിച്ചും വട്ടംചുറ്റിയും അലറി വിളിച്ചും പരാക്രമം കാണിക്കുന്നൊരു കുറുമ്പൻ കാറ്റും.

മുറ്റമാകെ ചപ്പിലകൾ മൂടിക്കിടക്കുന്നു. കനി എത്ര ഭംഗിയായി അടിച്ചു വാരിയിട്ടുന്നതാണ്. മുറ്റത്തുള്ള ചിരട്ടകളിൽ ചോറും

കറിയുമൊന്നുമില്ല. വെള്ളം മാത്രം.

പറമ്പിലേക്ക നോക്കുമ്പോഴേ പേടിയാവുന്നു. കവുങ്ങുകളുടെ കാര്യം.. അവരതാ അങ്ങോട്ടു ചായുന്നു, ഇങ്ങോട്ടു ചായുന്നു, വളയുന്നു, പുളയുന്നു.. മണ്ണിൽ തലകുത്താനായുന്നു.. പാവങ്ങൾ.. കാറ്റിന്റെ വികൃതി കൊണ്ട് വല്ലാതെ കഷ്ടപ്പെടുന്നുണ്ട്.

മരങ്ങളുടെയെല്ലാം തലയിൽ ചവിട്ടി നിന്നല്ലേ കാറ്റിന്റെ നൃത്തം. ഇതിനാവും സംഹാരതാണ്ഡവം എന്നു പറയുക. കനി പരമശിവന്റെ കഥയോർത്തു. അമ്മ പറഞ്ഞു തന്നതാണ്.



കാറ്റും മഴയും തെല്ലും അയയാൻ ഭാവമില്ലെന്നു തോന്നുന്നു. ആർക്കാ അധികം ശക്തി എന്നു മത്സരിക്കുകയാവും. കുറച്ചു നേരമായി ചാഞ്ഞു വന്ന് ഒരു കള്ളനോട്ടം നോക്കുന്നുണ്ട് മഴ. കനിയുടെ വീടിനകത്തേക്കു കയറാനുള്ള ശ്രമമാണ്. ഇക്കണക്കിന് വാവയുടെ നീലവീടിനകത്തേക്ക് കേറിച്ചെന്ന് രണ്ടുപേരും കൂടി എന്തൊക്കെ കുസൃതികളാണോ കാണിക്കുന്നുണ്ടാവുക?

"ന്റെ പുന്നാരക്കാറ്റേ.. പുന്നാരപ്പുന്നാര മഴേ.. ന്റെ വാവേടെ വീടിനെയെങ്കിലും വെറുതെ വിട്ടേക്കണേ.." കനി കെഞ്ചി.

കാറ്റ് അവളെ പരിഹസിച്ചൊന്നു ചൂളം കുത്തി. മഴ കനിയെ കേട്ട ഭാവം നടിക്കാതെ ചാഞ്ഞും ചരിഞ്ഞും പെയ്തു.

"പോ, എനിക്കു കാണണ്ട നിങ്ങളെ." കനി ദേഷ്യത്തോടെ അകത്തേക്കു നടന്നു. വാതിലും ജനലും കൊട്ടിയടച്ചു. മഴയും കാറ്റുമുണ്ടോ അതു കണ്ട് പിന്മാറുന്നു. അവർ ജനൽപ്പാളികളിൽ താളം കൊട്ടിക്കളിച്ചു. കനിയെ ദേഷ്യം പിടിപ്പിക്കാനെന്നോണം.

മുമ്പൊന്നും കനി മഴയോടിങ്ങനെ ദേഷ്യപ്പെട്ടിട്ടില്ല. കാത്തിരിക്കാറാണ് പതിവ്. മഴ വന്നാൽ പിന്നെ മറ്റൊന്നിനും സമയമുണ്ടാവില്ല. കളിവള്ളമുണ്ടാക്കണം. മുറ്റത്തെ വെള്ളത്തിൽ നാലഞ്ചു വള്ളങ്ങൾ ഒരുമിച്ചിറക്കണം. വേഗം വേഗം എന്ന് ഓരോ വള്ളത്തിനോടും ആർത്തു വിളിക്കണം. പിന്നെ മുറ്റത്തിറങ്ങി

## യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി

### വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം

www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com


മഴയോട് കിന്നാരം പറയണം. കണ്ണിലും വായിലും മുടിയിലും മേനിയിലുമൊക്കെ മഴ നിറയുമ്പോൾ കിലുകിലെ ചിരിക്കണം. ആയിരം കൈകൾ നീട്ടി വരുന്ന മഴയെ കൈക്കുമ്പിളിലൊതുക്കി അമ്മാനമാട്ടും കനി. അത്രയേറെ ഇഷ്ടമാണ് കനിക്ക് മഴയെ.

എന്നിട്ടും മഴയെന്തേ ഇങ്ങനെ? ഒരു പരിചയഭാവം പോലും കാണിക്കുന്നില്ല. ആ കാറ്റിന്റെ പണിയാവും എല്ലാം. അവന്റെ കൂടെക്കൂടി കിട്ടിയതാവും ഈ സ്വഭാവം. ഇളംകാറ്റ് എവിടെയാണാവോ? രണ്ടു ദിവസം മുമ്പ് കണ്ടതാണ്. അന്ന് രാത്രി ജനലരികിൽ വന്ന് കുറേ കൊച്ചുവർത്തമാനം പറഞ്ഞു പിരിഞ്ഞതാണ്. ഇളംകാറ്റിനെ കണ്ടിരുന്നെങ്കിൽ വാവയുടെ വിവരങ്ങളറിയാമായിരുന്നു. പാവം.. ഈ കാറ്റിന്റെ കുതിച്ചുവരവും അലർച്ചയുമൊക്കെ കേട്ട് എവിടെയെങ്കിലുമൊക്കെ പതുങ്ങിയിരിപ്പുണ്ടാകും.

സങ്കടം വരുന്നു.. അമ്മയെ കെട്ടിപ്പിടിച്ചങ്ങനെ ഇരിക്കാൻ തോന്നി കനിക്ക്. എന്തു ചെയ്യാനാ. കുറേയേറെ ഉടുപ്പുകൾ തുന്നിത്തീർക്കാനുള്ള തിരക്കിലാണ് അമ്മ. നാളെയോ മറ്റന്നാളോ കടയിൽ കൊടുക്കേണ്ടതാവും. ഇക്കുറി പട്ടണത്തിൽ പോയി വന്നപ്പോൾ കനിക്കായ് മാത്രം അമ്മ ഒരു തുണി വാങ്ങിച്ചിട്ടുണ്ട്. കറുപ്പിൽ സ്വർണനക്ഷത്രങ്ങൾ വാരിവിതറിയ ഒരു തുണി. ചിത്രകാരിക്കുട്ടിക്ക് അമ്മയുടെ സമ്മാനമാണത്രേ. അതേ തുണികൊണ്ട് വാവയ്ക്കും ഒരുടുപ്പ് തുന്നിത്തരാൻ പറയണം.

ഉറങ്ങാൻ കിടന്നിട്ടും കനിയുടെ മനസ്സ് ശാന്തമായില്ല. അവളുടെ ചിന്തയിൽ വാവയും അമ്മയും നീലവീടും നിറഞ്ഞുനിന്നു. ആരോടോ വാശി തീർക്കുന്നത് പോലെ കാറ്റും മഴയും അപ്പോഴും കലമ്പിക്കൊണ്ടിരിക്കുന്നുണ്ട് പുറത്ത്. തയ്യൽ മെഷീന്റെ ചക്രങ്ങൾ താളത്തിൽ കനിക്ക് താരാട്ടുപാടി. അവളുടെ കണ്ണുകൾ അടഞ്ഞടഞ്ഞു വന്നു.

കനിയുടെ പാതി കൂമ്പിയ കണ്ണുകൾക്കകത്തേക്ക് പതുങ്ങിപ്പതുങ്ങി കയറി വന്നു കാറ്റും മഴയും. കനിയെ നോക്കി അവർ എന്തൊക്കെയോ പിറുപിറുത്തു. തമ്മിൽത്തമ്മിൽ നോക്കി തലയാട്ടി.. പിന്നെ ഞാവൽ ച്ചോട്ടിലേക്ക് കുതിച്ചു പാഞ്ഞു.

"എവിടേക്കാ, ഞാനും വരാം." കനി അവർക്കു പിറകെ ഓടി. പക്ഷേ, എത്ര ശ്രമിച്ചിട്ടും അവർക്കൊപ്പമെത്താനാവുന്നില്ല..

അവൾ ഞാവൽച്ചോട്ടിലെത്തിയപ്പോഴേക്കും ആ നീലവീട് മുകളിലേക്ക് പൊങ്ങിത്തുടങ്ങിയിരുന്നു. ഒരു വലിയ നീല ബലൂൺ പോലെ അത് ഉയർന്നുയർന്നു പോകുന്നു. അതിനുള്ളിൽ നിന്ന് വാവയുടെ കരച്ചിൽ കേൾക്കുന്നുണ്ട്. കൈകൾ മുകളിലേക്കുയർത്തി ഉറക്കെ കരയുകയാണ് അമ്മ. കനി ആർത്തു കരഞ്ഞു.

"വാവേ..."

(തുടരും)

**കണ്ണിലും വായിലും മുടിയിലും മേനിയിലുമൊക്കെ മഴ നിറയുമ്പോൾ കിലുകിലെ ചിരിക്കണം. ആയിരം കൈകൾ നീട്ടി വരുന്ന മഴയെ കൈക്കുമ്പിളിലൊതുക്കി അമ്മാനമാട്ടും കനി.**




**കത്തുകൾ അയയ്ക്കേണ്ട വിലാസം :**
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002
Telegram : 9495981919

# നായകനോ, വില്ലനോ

2018 ആഗസ്റ്റിൽ വന്നതുപോലെത്തന്നെ ജലത്തിന്റെ രൗദ്രരൂപം 2019 ആഗസ്റ്റിലും വന്നു. കൂടപ്പിറപ്പുകൾ വലിയ ദുരന്തത്തിലേക്ക് ആഴ്ന്നപ്പോൾ നാം ഒറ്റക്കെട്ടായി വെള്ളപ്പൊക്കത്തെ ചെറുത്തു. ഇനി നാം നിർബന്ധമായും നദികളെയും തടാകങ്ങളെയും അറിയണം. ജലം ജീവന്റെ ആധാരമാണ്. നമുക്കരികിലൂടെ ഒഴുകി ഭൂമിയിൽ താഴാനുള്ള സൗകര്യം ജലത്തിന് ചെയ്തുകൊടുക്കണം. ജലം കെട്ടിനിൽക്കുന്ന സ്ഥലങ്ങൾ നികത്താതിരിക്കുക. അത് നമ്മുടെ കടമയാണ്. ജലം ജീവനാണ്. ജീവനെപ്പോലെ കാത്തു സൂക്ഷിക്കുക. ഇല്ലെങ്കിലത് നമ്മുടെ ജീവനെടുക്കും.

**ആരാധിക എസ്.ആർ,** 8 ാം തരം, ഗവ.വി.എച്ച്.എസ്.എസ്, കുളത്തൂർ, ഉച്ചക്കട പി.ഒ., തിരുവനന്തപുരം.

# പക്ഷികൾക്കുവേണ്ടി ഒരു വക്കാലത്ത്

മനുഷ്യരുടെ എണ്ണം പെരുകുന്നു. വാഹനങ്ങളുടെ എണ്ണവും. വാഹനങ്ങൾ ഉണ്ടാക്കുന്ന മലിനീകരണം, അതുവഴി ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവ നാം ശ്രദ്ധിക്കുന്നേയില്ല. നമ്മുടെ ചിന്ത ലാഭമുണ്ടാക്കുന്നതിൽ മാത്രം.

ഭൂമിയുടെ മറ്റൊരു അവകാശികളായ പക്ഷികളെക്കുറിച്ച് നാം ചിന്തിക്കുന്നില്ല. മുമ്പ് കണ്ടിരുന്ന എത്ര തരം പക്ഷികളെ ഇന്ന് കാണുന്നില്ല? വാഹനങ്ങളുടെ ഹോൺ ശബ്ദം മുഖേന ധാരാളം പക്ഷികൾ മനുഷ്യരിൽ നിന്ന് അകന്നിരിക്കുന്നു. എയർ ഹോണുകൾക്ക് കർശന വിലക്ക് ഏർപ്പെടുത്തൽ അത്യാവശ്യമല്ലേ?

കാലാവസ്ഥാ വ്യതിയാനം മൂലം പക്ഷികൾ മുട്ടയിടുന്ന കാലം തെറ്റും. ദേശാടന പക്ഷികളുടെ ദേശാടനത്തിന്റെ താളം തെറ്റും എന്നെല്ലാം ഒരു പുസ്തകത്തിൽ വായിച്ചു. പാവം പക്ഷികൾ. അവയുടെ സൗന്ദര്യം, പാട്ട് എന്നിവ നമ്മുടെ മനം കവരുന്നില്ലേ. എന്നിട്ടും നാം...?





പക്ഷികളെ രക്ഷിക്കാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?

**അഫ്‌വ. ബി. എസ്.,** മൂന്ന് സി., ഗവ. മോയൻ എൽ. പി. സ്കൂൾ, പാലക്കാട്

e-mail: priyappettaeureke@gmail.com

# കുറുക്കുവേണ്ട, കത്തുമതി പോലും!

അടുക്കളപ്പുരയിൽ ഒരു പശു, പാൽത്തക്കാളിക്കുറുക്ക ഉണ്ടാക്കിയിരുന്നില്ലേ? ഞാൻ അതുപോലെ ഉണ്ടാക്കാൻ നോക്കിയപ്പോൾ അമ്മ സമ്മതിച്ചില്ല. എനിക്കൊത്തിരി വിഷമം വന്നു. പക്ഷേ, ഞാൻ എഴുതിയ കത്ത് യുറീക്കയിൽ വന്നിരുന്നല്ലോ. ഇതു വായിച്ച് വീട്ടുകാരും അധ്യാപകരും അഭിനന്ദിച്ചപ്പോൾ എനിക്ക് സന്തോഷമായി.

**വർഷ അജീഷ്,** 5 ബി, ഗവ.ഗേൾസ് യു.പി.എസ്, എറണാകുളം 682016

# കനിയുടെ കൂടെ, കൊതിയോടെ

പ്രിയപ്പെട്ട ഷീജക്കുട്ടിക്ക് (ഇ എൻ ഷീജ), അങ്ങനെ തന്നെ വിളിക്കാം ഞാനേ ഒരു പൊണ്ണുട്ടീച്ചറാ.

കുട്ടികൾക്കൊപ്പം എനിക്കും ഇഷ്ടമായി അമ്മ മണമുള്ള കനിവുകൾ

തത്തയോടും പൂച്ചെടിപ്പൂവിനോടും കിന്നാരം പറഞ്ഞ് നടന്ന, രാജമല്ലിയുടെ പച്ചക്കായുടെ തോട് പൊളിച്ച് അരിയുടെ തൊലികളഞ്ഞ് (ഒക്കേം അമ്മേം ചേച്ചിമാരും കാണാതെ) തിന്ന ആ പഴയ കാലത്തിലേക്ക് കനി എന്നേയും കൈപിടിച്ച് കൊണ്ട് പോവ്വാണ്.



സ്വപ്നലോകത്തിലൂടെ കനീടെ കൈയും പിടിച്ചൊരു യാത്ര.

ഈ കഥ ഇങ്ങനെ തുടരട്ടെട്ടോ. നിർത്തണ്ട

വായിക്കാൻ കൊതിയോടെ കാത്തിരിക്കുന്നു.

ശ്രീജാദേവി എ, മാസ്റ്റർട്രെയ്നർ കൈറ്റ്, തിരുവനന്തപുരം



**യുറീക്ക കാത്തിരിക്കുന്നു നിങ്ങളുടെ കത്തുകൾക്കായി...**

**എന്തെല്ലാം വിശേഷങ്ങളുണ്ട് നിങ്ങൾക്ക് പറയുവാനായി. സ്കൂളിലെ വിശേഷങ്ങൾ, വീട്ടിൽ നടന്ന ചർച്ചകൾ, വഴിയരികിൽ കണ്ട കാഴ്ചകൾ, പത്രം വായിച്ചപ്പോൾ നിങ്ങൾക്ക് തോന്നിയത്, സിനിമ കണ്ടപ്പോൾ ചിന്തിച്ചത്, പുതുതായി വായിച്ച പുസ്തകം, പ്രിയപ്പെട്ട ടീച്ചറെക്കുറിച്ച്, നിങ്ങളെ കൊതിപ്പിച്ച ഭക്ഷണം... യുറീക്കയോടല്ലെങ്കിൽ മറ്റാരുമായി നിങ്ങളിതൊക്കെ പങ്കുവെക്കും. ഒപ്പം യുറീക്കയിൽ വന്ന രചനകളെക്കുറിച്ചുള്ള അഭിപ്രായവും. ഇന്ന് തന്നെ എഴുതൂ, മാറ്റിവെക്കാതെ. രക്ഷിതാക്കളുടെ മൊബൈൽ ഫോണിൽ നിന്ന് മെയിലായി അയയ്ക്കാമല്ലോ.**

വിലാസം : priyappettaeureke@gmail.com

**ടെലിഗ്രാം (telegram) ആപ്പ് ഇൻസ്റ്റാൾ ചെയ്താൽ** 9495981919 **എന്ന നമ്പറിലേയ്ക്ക് മെസേജ് ചെയ്യാം.**

**തപാലിലാണെങ്കിൽ യു–മെയിൽ, യുറീക്ക, ചാലപ്പുറം പി.ഒ, 673 002.**

## ഫ്രീഡം ക്വിസ് ഉത്തരവും വിജയികളും



1. വാസ്കോഡഗാമ
2. കൊൽക്കത്ത
3. ഗവർണർ
4. ബ്രിട്ടീഷുകാർക്കെതിരെ നടന്ന ഇന്ത്യയിലെ ആദ്യ സംഘടിത ചെറുത്തുനിൽപ്പ്. ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണവും പ്രദേശങ്ങൾ പിടിച്ചടക്കൽ നയവും കലാപത്തിലെത്തിച്ചു. ബ്രിട്ടീഷ് പട്ടാളത്തിലെ 'ശിപായി'മാർ എന്നു വിളിച്ചിരുന്ന ഇന്ത്യക്കാരായ ഭടന്മാരാണ് ഇതിന് തുടക്കമിട്ടത്.
5. 1885
6. ഏ.ഒ.ഹ്യൂം
7. മോഹൻദാസ് കരംചന്ദ്
8. ഡൽഹി
9. ചമ്പാരൻ
10. ജാലിയൻ വാലാബാഗ്
11. ഗാന്ധിജി ഉപ്പുനിയമം ലംഘിച്ചു. ഇന്ത്യയിൽ ഉപ്പ് നിർമാണത്തിന് നികുതി ചുമത്തിയതിൽ പ്രതിഷേധിച്ചായിരുന്നു ഉപ്പുസത്യഗ്രഹം. തുടർന്ന് ഇന്ത്യ മുഴുവൻ ഉപ്പുസമരം വ്യാപിച്ചു.
12. ക്വിറ്റ് ഇന്ത്യാ സമരം
13. മൗണ്ട് ബാറ്റൺ
14. പാക്കിസ്ഥാൻ

### നറുക്കെടുപ്പിലെ വിജയികൾ

**സംവൃത എൻ.എസ്,** ജി.എച്ച്.എസ്.എസ്, കൊടകര, തൃശ്ശൂർ 680684

**ശ്രേയസ് രഞ്ജിത്ത്,** ജി.ജി.എസ്.യു.പി.സ്കൂൾ, കക്കര, കണ്ണൂർ.

**അലൻ ഷിബു,** ഗവ.എച്ച്.എസ്.എസ്, എടക്കര, നിലമ്പൂർ.

**നിഹാൽ ഇ.ഇ.,** നിർമല എച്ച്.എസ്.എസ്, തരിയോട്, വയനാട്.

**ദേവരാജ് രാജേഷ്,** ഗവ.എച്ച്.എസ്, തവിടിശ്ശേരി, പയ്യന്നൂർ, കണ്ണൂർ

*പങ്കെടുത്ത എല്ലാവർക്കും യുറീക്കയുടെ ആശംസകൾ...*

## മത്സരങ്ങൾക്ക് ഉത്തരങ്ങളയക്കുമ്പോൾ

ഫ്രീഡം ക്വിസ്സിലും പദപ്രശ്നത്തിലുമെല്ലാം കൂടുതൽ കൂട്ടുകാർ പങ്കാളികളാവുന്നു എന്നതിൽ സന്തോഷം. ഉത്തരമെഴുതി ഫോട്ടോ എടുത്ത് അയയ്ക്കുക എന്നത് കൂടുതൽ സൗകര്യപ്രദമാണ് അല്ലേ.

ഉത്തരങ്ങൾ അയയ്ക്കുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കണേ...

* കുത്തിട്ട് വേർതിരിച്ച ഭാഗം മാത്രമാണ് ഫോട്ടോ എടുക്കേണ്ടത്. പേജ് മുഴുവനായി വേണ്ട. ഫ്രീഡം ക്വിസ് നൽകിയിരുന്ന എല്ലാ പേജുകളും ഫോട്ടോ എടുത്തയച്ച ചില വീരന്മാരുമുണ്ടേ! നിർദേശങ്ങൾ കൃത്യമായി വായിച്ചു മനസ്സിലാക്കാത്തതുകൊണ്ടല്ലേ ഇങ്ങനെ സംഭവിക്കുന്നത്.
* ഒരാൾ ഒരു തവണയേ അയയ്ക്കാവൂ. അതുപോലെ ഏതെങ്കിലും ഒരു മാർഗത്തിലൂടെ മാത്രമേ അയയ്ക്കാവൂ.
* യുറീക്കയിലെ പേജിന്റെ ഫോട്ടോ എടുത്താണ് അയയ്ക്കേണ്ടത്. മറ്റു പേപ്പറുകളിൽ എഴുതിയതോ വാട്സ് ആപ്പിൽ നേരിട്ട് എഴുതിച്ചേർത്തോ അയയ്ക്കുന്ന ഉത്തരങ്ങൾ പരിഗണിക്കില്ല.
* അയയ്ക്കുന്ന ചിത്രങ്ങൾ JPG ഫയലായി തന്നെ അയയ്ക്കണം. പി ഡി എഫ് ആയി അയയ്ക്കരുത്.
* ഉത്തരങ്ങൾ യുറീക്കയിലേ പ്രസിദ്ധീകരിക്കുകയുള്ളൂ. വ്യക്തിപരമായി അയച്ചു തരാൻ കഴിയില്ല.
* നിരവധി പേർ ഉത്തരങ്ങൾ അയയ്ക്കുന്നുണ്ടെന്ന് അറിയാമല്ലോ. ഓരോരുത്തരോടും വ്യക്തിപരമായി വാട്സ് ആപ്പിലൂടെ സംഭാഷണത്തിലേർപ്പെടാൻ വിഷമമുണ്ട്.

### തിരുത്ത്

ഫ്രീഡം ക്വിസ്സിൽ പറ്റിയ ചെറിയ ഒരു പിശക് തിരുത്താം. പതിനൊന്നാമത്തെ ചോദ്യത്തിൽ സബർമതി ആശ്രമത്തിൽ നിന്ന് ദണ്ഡിയാത്ര മാർച്ച് ആറിന് പുറപ്പെട്ടു എന്നാണ് കാണിച്ചത്. യാത്ര പുറപ്പെട്ടത് മാർച്ച് 12 നാണ്. തെറ്റ് ചൂണ്ടിക്കാണിച്ച യുറീക്കയുടെ കൂട്ടുകാരിക്ക് പ്രത്യേക നന്ദി.



Volume 41 No. 8 Eureka 2019 September 16, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.

# മണിമുത്തുകൾ


ആശയം, ചിത്രീകരണം:
കെ.സതീഷ്






Date of Publication : 9/9/2019 **EUREKA** Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20

License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20

Registered with the Newspaper Registrar of India under No:29524/78







Follow us on

ശീലമാക്കാം ...

FOOTWEAR & BACK PACKS ODYSSIA

CLASSMATE SHOES

SANDALS & BACKPACKS